# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസറഗോഡ് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.എം.2/410/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 14/03/2022
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-23,1-25,1-30,1-32 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

*1 . സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*2 . ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*3 . ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

*4 . റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം

സഹിതം)

*5 . കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.എസ്.എം.2/410/2021 തീയ്യതി: 14/03/2022

## കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സുനിൽ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 13-03-2020 | 09-06-2020 |
| ശ്രീമതി പത്മാസിനി നായർ | ഓഡിറ്റ് ഓഫീസർ (ഡെപ്യൂട്ടി ഡയറക്ടർ ഇൻചാർജ്) | 10-06-2020 | 29-06-2020 |
| ശ്രീ. ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 30-06-2020 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2020 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പേര് തസ്തിക കാലയളവ്

ശ്രീമതി.പത്മാസിനി നായർ , ഓഡിറ്റ് ഓഫീസർ - 13.03.2020മുതൽ 01.03.2021 വരെ.
ശ്രീ. വിനീത് കുമാർ കെ..പി. ഓഡിറ്റ് ഓഫീസർ - 27.03.2021 മുതൽ 26.07.2021 വരെ.
ശ്രീ.ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ - 26.07.2021 മുതൽ 12.08.2021 വരെ.
അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ- 13.03.2020 മുതൽ 11.12.2020 വരെ
ശ്രീ. സുധീഷ് എം. പി. ഓഡിറ്റ് ഓഫീസർ - 12.08.2021 മുതൽ 31.12.2021 വരെ.
ശ്രീ.ഈശ്വരൻ നമ്പൂതിരി.ടി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ - 13.03.2020 മുതൽ 04.01.2021 വരെ
ശ്രീ. ശിവശങ്കര. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ. - 04.01.2021 മുതൽ 12.03.2021 വരെ
03.04.2021 മുതൽ 31.12.2021 വരെ
ശ്രീ. സുധീഷ്. എൻ.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ. - 04.01.2021 മുതൽ 12.03.2021 വരെ
03.04.2021 മുതൽ 31.12.2021 വരെ
ശ്രീമതി.ലിൻഷ.ടി.എ, ഓഡിറ്റർ - 13.03.2020 മുതൽ 07.07.2020 വരെ
ശ്രീ. അരുൺദേവ്. വി.ആർ,. ഓഡിറ്റർ - 03.08.2020 മുതൽ 10.08.2021 വരെ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബീഫാത്തിമ ഇബ്രാഹിം | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. സജികുമാർ വി. | സെക്രട്ടറി | 01-04-2019 | 05-11-2019 |
| മധു കൈതബജ സി.പി. (PA To Secretary) (അധിക ചുമതല) | സെക്രട്ടറി | 06-11-2019 | 18-11-2019 |
| ബിജു.എസ്. | സെക്രട്ടറി | 19-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിൽകുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ. | 01-04-2019 | 31-03-2020 |
| ഡോ. മുഹമ്മദ് ഇംതിയാസ് (അധിക ചുമതല) | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 01-04-2019 | 31-05-2019 |
| ഡോ. സുഷമ, ചീഫ് മെഡിക്കൽ ഓഫീസർ. | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 01-06-2019 | 30-06-2019 |
| ഡോ. മുഹമ്മദ് ഇംതിയാസ് (അധിക ചുമതല). | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 01-07-2019 | 10-09-2019 |
| ഡോ. വിജയ കുമാർ. | ചീഫ് മെഡിക്കൽ | 11-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ, ആയുർവ്വേദം. | | |
| രാജറാം.കെ.കെ. | സൂപ്രണ്ടന്റ് ജനറൽ ഹോസ്പിറ്റൽ. | 01-04-2019 | 31-03-2020 |
| ഡോ. പ്രശാന്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ. | 01-04-2019 | 02-06-2019 |
| ഡോ. സ്മിത വേലായുധൻ. | മെഡിക്കൽ ഓഫീസർ, ഹോമിയോ. | 03-06-2019 | 31-03-2020 |
| പി.കെ.ഉബൈദ്. | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ. | 01-04-2019 | 31-03-2020 |
| സജികുമാർ.വി. | സെക്രട്ടറി, മുനിസിപ്പാലിറ്റി. | 01-04-2019 | 05-11-2019 |
| മധു കൈതബജ സി.പി. (അധിക ചുമതല) | സെക്രട്ടറി, മുനിസിപ്പാലിറ്റി. | 06-11-2019 | 18-11-2019 |
| ബിജു.എസ്. | സെക്രട്ടറി, മുനിസിപ്പാലിറ്റി. | 19-11-2019 | 31-03-2020 |
| ഡോ. റോഷൻ.എസ്. | വെറ്ററിനറി സർജൻ. | 01-04-2019 | 31-03-2020 |
| എ.ആർ.അജീഷ്. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II,പ്രൊജക്ട് ഓഫീസർ, സി.ഡി.എസ്. | 01-04-2019 | 31-03-2020 |
| ഗിരീഷ് കുമാർ സി.എൻ. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ. | 01-04-2019 | 01-07-2019 |
| ധനലക്ഷ്മി എം. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ. | 02-07-2019 | 31-03-2020 |
| ബഷീർ.പി.ബി. | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 01-04-2019 | 20-11-2019 |
| രേഖ | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 20-11-2019 | 30-11-2019 |
| അസൈനാർ (അധിക ചുമതല) | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 30-11-2019 | 01-01-2020 |

| | | | |
|---|---|---|---|
| രേഖ | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 01-01-2020 | 30-01-2020 |
| തിരുമല (അധിക ചുമതല) | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 30-01-2020 | 12-02-2020 |
| ശരത്ത് ടി.വി. | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ. | 13-02-2020 | 31-03-2020 |
| ഉസ്മാൻ ചാലിയാടൻ | ഹെൽത്ത് സൂപ്പർവൈസർ (നഗരസഭ) | 01-04-2019 | 31-08-2019 |
| രാജീവൻ.കെവി. (ഹെൽത്ത് ഇൻസ്പെക്ടർ II (അധിക ചുമതല) | ഹെൽത്ത് സൂപ്പർവൈസർ (നഗരസഭ) | 01-09-2019 | 18-09-2019 |
| ദാമോദരൻ എ.കെ. | ഹെൽത്ത് സൂപ്പർവൈസർ (നഗരസഭ) | 19-09-2019 | 31-03-2020 |
| ഗീത.ജി തോപ്പിൽ | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. | 01-04-2019 | 31-03-2020 |
| കാർത്ത്യായനി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 01-04-2019 | 31-03-2020 |
| അഭിലാഷ് ടി. | അസിസ്റ്റന്റ് എഞ്ചിനീയർ. | 01-04-2019 | 30-07-2019 |
| ഉപേന്ദ്രൻ വി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ. | 30-07-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: Sudheesh N.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.<br>Written By: Sudheesh.M.P (Audit Officer, On 10-03-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).<br>Written By: Sivashankara.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 11-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sivashankara.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Sudheesh N.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-9 |
| 10 | രശീതി പരിശോധന – അപാകതകൾ.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 11-03-2022) | 1-10 |
| 11 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല.<br>Written By: Sivashankara.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 07-03-2022) | 1-11 |
| 12 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - നടപടി ക്രമം പാലിക്കുന്നില്ല<br>Written By: Sivashankara.K (Senior Grade Auditor, On 02-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-12 |
| 13 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Sivashankara.K (Senior Grade Auditor, On 02-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-13 |
| 14 | നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sivashankara.K (Senior Grade Auditor, On 02-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 11-03-2022) | 1-14 |
| 15 | എസ്.എൽ.ഐ., ജി.ഐ.എസ് വരിസംഖ്യ - നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-15 |

| | | |
|---|---|---|
| 16 | ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കുന്ന തുക കൃത്യമായി ഒടുക്കുവരുത്തുന്നില്ല<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-16 |
| 17 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചില്ല-ചെലവ് തുക 1,24,666/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivashankara.K (Senior Grade Auditor, On 02-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-17 |
| 18 | ഗവ.പ്രിമെട്രിക്ക് ഹോസ്റ്റലുകളുടെ ചെലവ് രേഖകൾ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല-ചെലവ് തുക 5,48,067/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 11-03-2022) | 1-18 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക 1,18,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-19 |
| 20 | മെഡിക്കൽ ഓഫീസർ , താലൂക്ക് ആശുപത്രി കാസറഗോഡ് - മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ഇതുവരെ ലഭിച്ചില്ല. 3,03,452/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivashankara.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-20 |
| 21 | നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗ പ്പെടുത്തിയില്ല.<br>Written By: Sivashankara.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-21 |
| 22 | പട്ടിക വർഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം - അപാകതകൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 05-03-2022) | 1-22 |
| 23 | പ്രധാന മന്ത്രി ആവാസ് യോജന പദ്ധതി - അപാകതകൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-23 |
| 24 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഭരണ നിർവ്വഹണ ചെലവ് അധികരിച്ചു - തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ അധിക ചെലവ്.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-24 |
| 25 | നഗരസഭാ ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി - 5,99,000/- രൂപ ചെലവഴിച്ചു. ജനറേറ്റർ ലഭ്യമായില്ല – തുക പാഴ്ച്ചെലവ്.<br>Written By: Sudheesh.M.P (Audit Officer, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 1-25 |
| 26 | നഗരസഭാ സീവ്യൂ പാർക്കിൽ മരം മുറിച്ചത് - ലേലം ചെയ്ത് വിറ്റതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല - 12,160/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-26 |

| | | |
|---|---|---|
| 27 | SJSRY പദ്ധതിയുടെ വിനിയോഗിക്കാത്ത തുക- സംസ്ഥാന മിഷൻ NULM അക്കൗണ്ടിലേക്ക് തിരികെ ഒടുക്കി- ഫയൽ ഹാജരാക്കിയില്ല. 11,23,796/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-27 |
| 28 | മുൻകൂർ തുക നൽകിയത് - ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല – 1,06,250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 11-03-2022) | 1-28 |
| 29 | പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തത് ബൈലോ, ഫയൽ ഹാജരാക്കിയില്ല – ചെലവ് തുക 76,870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-29 |
| 30 | കുടിവെള്ള വിതരണം - ബാക്കി തുക 12,66,400/- രൂപ അനുവദിച്ചത് - ഫയൽ, ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 12,66,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-30 |
| 31 | സ്ട്രീറ്റ് ലൈറ്റ് - AMC തുക അനുവദിച്ചത് - ഫയൽ, രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-31 |
| 32 | അടുക്കത്ത് ബയൽ വില്ലേജിലെ സ്ഥലം - പാട്ട തുക ഒടുക്കൽ -നഗരസഭയ്ക്ക് വർഷം 2,80,750/- രൂപ ചെലവ് - നഗരസഭാ ഫണ്ടിന് ഇതുവരെയായി ആകെ 30 ലക്ഷത്തിലധികം രൂപയുടെ നഷ്ടം - ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-32 |
| 33 | നഗരസഭയിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി - Price List-ൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ KADCO- ൽ നിന്നും വാങ്ങിയ നടപടി ക്രമപ്രകാരമല്ല – ചെലവ് തുക 2,03,869/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-33 |
| 34 | പൊതുമരാമത്ത് പ്രവൃത്തി - റോഡ് പുനരുദ്ധാരണം പ്രവൃത്തി പൂർത്തീകരണം വൈകിയതിനു പിഴ ഈടാക്കിയിട്ടില്ല.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-34 |
| 35 | പൊതുമരാമത്ത് പ്രവൃത്തി റോഡ് പുനരുദ്ധാരണം - കരാറുടമ്പടി ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 1-35 |
| 36 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ സംയുക്ത പരിശോധന നടത്തി - ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 05-03-2022) | 1-36 |

| | | |
|---|---|---|
| 37 | മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ- സമർപ്പിക്കുന്നതിൽ കാലതാമസം<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 07-03-2022) | 1-37 |
| 38 | നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Sudheesh.M.P (Audit Officer, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 07-03-2022) | 1-38 |
| 39 | വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ അതത് ബാങ്ക് അക്കൗണ്ടുകളുടെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sudheesh.M.P (Audit Officer, On 28-02-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 1-39 |
| | **ഭാഗം 2** | |
| 1 | പിരിച്ചെടുത്ത നികുതി അടവാക്കിയതിൽ കുറവ്.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | മുൻകൂർ തുക നൽകിയത് - ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല – 1,06,250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: Sudheesh.M.P (Audit Officer, On 04-03-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.<br>Written By: Sivashankara.K (Senior Grade Auditor, On 01-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് .<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 04-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 10-03-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sudheesh N.K (Senior Grade Auditor, On 03-01-2022)<br>Last Updated By: Sudheesh.M.P (Audit Officer, On 07-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്.

കാസറഗോഡ് നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് 15.02.2019 ലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | ₹10,00,63,730 |
| വരവ് | ₹41,59,95,600 |
| ആകെ. | ₹51,60,59,330 |
| ചെലവ്. | ₹43,75,83,175 |
| നീക്കിയിരിപ്പ്. | ₹7,84,76,155 |

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 18.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.

നഗരസഭയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

I. എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

II. ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളുടെ തുകകൾ അക്കൗണ്ടിൽ വരവു വന്നിട്ടില്ല

മുകളിൽ പ്രസ്താവിച്ച അപാകതകൾ (I,II) എന്നിവ ഖണ്ഡിക 1-39 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

III. ഇടപാടുകൾ നിർവ്വഹിക്കാത്ത അക്കൗണ്ടുകൾ വർഷങ്ങളായി നിലനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം ചുവടെ പറയുന്ന അക്കൗണ്ടുകൾ വർഷങ്ങളായി ഉപയോഗിക്കാതെ നിലനിൽക്കുന്നു.

2015-16 സാമ്പത്തിക വർഷം മുതൽ ഇവയിൽ ബാങ്ക് പലിശയും ബാങ്ക് ചാർജ്ജും മാത്രമാണ് വരവ് ചെലവായി കാണുന്നത്.

| കോഡ് | ബാങ്ക് | 2019-20 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് |
|---|---|---|
| 450410400 | സിൻഡിക്കേറ്റ് ബാങ്ക് 42042200057808 | 16140 |
| 450210100 | ആന്ധ്രാ ബാങ്ക് - 114310011000036 | 12210 |
| 450410300 | പഞ്ചാബ് നാഷണൽ ബാങ്ക് (lsui) - 4290000100031743 | 4746847 |

ഉപയോഗശൂന്യമായി നിൽക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചാബ് നാഷണൽ ബാങ്ക് (lsui) - 4290000100031743 അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ഹാജരാക്കുകയോ നിലനിൽക്കുന്ന തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

IV. ബാങ്ക് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ പറയുന്ന അക്കൗണ്ടുകളിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള വരവ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

1) Corporation Bank – 52010100363353

ബാങ്ക് ബുക്ക് പ്രകാരമുള്ള ചുവടെ പറയുന്ന വരവ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റിൽ വരവുവന്നിട്ടില്ല.

| ക്രമ നം | വിശദാംശം | തുക | തീയ്യതി |
|---|---|---|---|
| 1 | റെന്റ് - സിവിക്ക് അമിനിറ്റീസ് | 15418 | 07.02.2020 |
| 2 | റെന്റ് - സിവിക്ക് അമിനിറ്റീസ് | 15418 | 07.02.2020 |
| 3 | ഗ്രാന്റ് , കോൺട്രിബ്യൂഷൻ - സ്പെസിഫിക്ക് പർപ്പസ്- സെൻട്രൽ ഗവൺമെന്റ് ഫണ്ട് | 1538600 | 07.02.2020 |
| ആകെ | | 1569436 | |

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് - 1509408/-

ബാങ്ക് ബുക്ക് പ്രകാരം ആകെ വരവ് - 3078844/-

വ്യത്യാസം - 1569436/-

2) Corporation Bank (Saksharatha) – 520101003623943

ബാങ്ക് ബുക്ക് പ്രകാരം 2019-20 സാമ്പത്തിക വർഷം പലിശഇനത്തിൽ 494/- രൂപ വരവായി കാണിച്ചിട്ടുണ്ട് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 423/- രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്.

| ക്രം നം | തീയതി | തുക |
|---|---|---|
| 1 | 01/05/2019 | 102 |
| 2 | 05/08/2019 | 106 |
| 3 | 03/11/2019 | 107 |
| 4 | 02/02/2020 | 108 |
| ആകെ | | 423 |

3) SBI 67162802843

ബാങ്ക് ബുക്ക് പ്രകാരം 01/03/2020 ൽ ബാങ്ക് ചാർജായി 52/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത്തരത്തിൽ തുക ഈടാക്കിയതായി കാണുന്നില്ല.

മേൽ പറഞ്ഞ വ്യത്യാസത്തിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/ 25.11.2020 ന് മറുപടി ലഭിച്ചില്ല.

V. <u>പഞ്ചാബ് നാഷണൽ ബാങ്ക് - തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് തുക റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.</u>

2019-20 സാമ്പത്തിക വർഷം പഞ്ചാബ് നാഷണൽ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | എ.എഫ്.എസ് , ബാങ്ക് ബുക്ക് എന്നിവ പ്രകാരം 31/03/2020 ലെ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കി യിരിപ്പ്. | റീക്കൺ സിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിലെ നീക്കിയിരിപ്പ്. | വ്യത്യാസം 2019-20 സാമ്പത്തിക വർഷം പഞ്ചാബ് നാ ഷണൽ ബാങ്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നീക്കിയി രിപ്പ്. | | | തനത്ഫണ്ട് അക്കൗ ണ്ടിലെ നീക്കിയിരിപ്പ് തുക റീക്കൺസി ലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടു ന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. |
| പഞ്ചാബ് നാഷണൽ ബാങ്ക് (4290000100049672) | 13866320 | 14598615 | 14587615 | 11000/- (14598615 - 14587615) |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23 / 8.02.2021 ന് മറുപടി ലഭിച്ചില്ല.

VI. <u>കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വ്യത്യാസം.</u>

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക, ഡിസിബി പത്രിക എന്നിവയിലെ കുടിശ്ശിക തുകയിൽ ചുവടെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

1)

| ഇനം. | 2018-19 B 15 പ്രകാരം കുടിശ്ശിക ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക. | ഡി.സി.ബി പത്രിക പ്രകാരം 2019-20 ലെ കുടിശ്ശിക ഡിമാന്റ് തുക | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 793254 (279270 + 513984) | 288410 | 504844 |
| ലൈസൻസ് ഫീ | 3200276 (1445 + 3198831) | 87470 | 3112806 |
| വാടക (സിവിക്ക് അമിനിറ്റീസ്) | 5837434 (2130963 + 3706471) | 2732277 | 3105157 |
| വസ്തു നികുതി | 20115879 | 14032116 | 6083763 |

2) തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ 2019-20 സാമ്പത്തിക വർഷം കളക്ഷൻ, ബാലൻസ് എന്നിവയിൽ ധനകാര്യ പത്രികയിലും , ഡിസിബി പത്രികയിലും ചുവടെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| | വരവിലുള്ള വ്യത്യാസം | | ബാലൻസിലുള്ള വ്യത്യാസം. | |
|---|---|---|---|---|
| ഇനം | 2019-20 RP 37 പ്രകാരം കുടിശ്ശിക വരവ് | ഡിസിബി പത്രിക പ്രകാരം കുടിശ്ശിക വരവ് | 2019-20 B 15 പ്രകാരം കുടിശ്ശിക ലഭിക്കാൻ ബാക്കിയുള്ളത്. | ഡിസിബി പത്രിക പ്രകാരം ഇനി ലഭിക്കാനുള്ള കുടിശ്ശിക. |
| തൊഴിൽ നികുതി | 279800 | 279889 | 8610 | 8521 |

3) "മറ്റ് വരവുകൾ" എന്ന ഇനത്തിൽ2018-19 B 15 പ്രകാരം കുടിശ്ശിക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 58276759/- രൂപയും 2019-20 B 15 പ്രകാരം കുടിശ്ശിക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 71908892/- രൂപയുമാണ്. ഇത് പ്രകാരം ഈ ഇനത്തിൽ 13632133/- രൂപ (71908892 – 58276759) കുടിശ്ശിക അധികമായി വന്നിട്ടുള്ളതായി കാണുന്നു. എന്നാൽ R&P സ്റ്റേറ്റ്മെന്റിൽ ഈ വരവ് കാണുന്നില്ല. നീക്കിയിരിപ്പ് തുകയായ 71908892/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

VII. Contribution To Other Pension Fund Payable എന്ന ഇനത്തിൽ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 2016-17 മുതൽ 4,13,772/- രൂപ ലയബിലിറ്റിയായി നിലനിൽക്കുന്നതായി കാണുന്നു. ഇത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ മേൽ അപാകതകൾ നഗരസഭയെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല.

VIII. പഞ്ചാബ് നാഷണൽ ബാങ്ക് - തനത് ഫണ്ട് തുക പിൻവലിക്കൽ ബാങ്ക് സ്റ്റേറ്റ്മെന്റ് - ബാങ്ക് ബുക്ക് എന്നിവയിലെ തുകകൾ പിൻവലിച്ച തീയതികൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 സാമ്പത്തിക വർഷം പഞ്ചാബ് നാഷണൽ ബാങ്കിന്റെ തനത് ഫണ്ടിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചുപോയതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്ന തുകകൾ മാസങ്ങൾ കഴിഞ്ഞിട്ടാണ് ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് കാരണം വിശദീകരിക്കേണ്ടതാണ്.

| ക്രമ നം | ചെക്ക് നമ്പർ / തീയതി. | തുക പിൻവലിച്ച തീയതി. | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക |
|---|---|---|---|
| 1 | 830334/ 08.05.2019 | 23/05/2019 | 16415 |
| 2 | 524063/21.06.2019 | 21/06/2019 | 1000 |
| 3 | 623360/11.06.2019 | 16/10/2019 | 90000 |

ക്രമ നമ്പർ 1 പ്രകാരം പിൻവലിച്ച ആകെ തുകയായ 16415 രൂപയിൽ, 3000/-രൂപ ബാങ്ക് ബുക്കിൽ വൗച്ചർ നമ്പർ 21901192 പ്രകാരം 04.03.2020ന് മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്.
ക്രമ നമ്പർ 2 പ്രകാരം പിൻവലിച്ച 1,000/- രൂപ ബാങ്ക് ബുക്കിൽ വൗച്ചർ നമ്പർ 31900350 പ്രകാരം 04.03.2020ന് മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്.
ക്രമ നമ്പർ 3 പ്രകാരം പിൻവലിച്ച 90,000/- രൂപ ബാങ്ക് ബുക്കിൽ വൗച്ചർ നമ്പർ 31900361 പ്രകാരം 13.03.2020ന് മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്.
IX) AFS ഷെഡ്യൂൾ I-7 പ്രകാരം ഡിവിഡന്റ് ഇനത്തിൽ 12,000 രൂപ വരവ് വന്നിട്ടുണ്ട്. ഇത് ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കാരണം വിശദീകരിക്കേണ്ടതാണ്.
X) വിവിധ ഫണ്ടുകളുടെ എ.സി.ആർ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | 91583022.04 |
| വരവ് | 190155643 |
| ആകെ | 281738665.04 |
| ചെലവ് | 206704121 |
| നീക്കിയിരിപ്പ് | 75034544.04 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ബാക്കി. |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | NIL | 4,24,76,157 | 4,24,76,157 | 3,02,25,707 | 1,22,50,450 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 43,72,667 | 43,72,667 | 12,13,476 | 31,59,191 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 10,11,000 | 10,11,000 | 4,00,000 | 6,11,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 3,99,14,000 | 3,99,14,000 | 1,38,50,836 | 2,60,63,164 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 1,29,29,000 | 1,29,29,000 | 74,65,651 | 54,63,349 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 7,43,34,000 | 7,43,34,000 | 1,83,53,356 | 5,59,80,644 |
| കെ.എൽ. എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | പി.എം. എ.വൈ. | 1,29,60,896 | 3,67,268 | 1,33,28,164 | 1,19,74,686 | 13,53,478 |
| | എൻ.യു. എൽ.എം. | 33,94,973 | 15,91,562 | 49,86,535 | 27,26,619 | 22,59,916 |
| | സ്വച്ഛ ഭാരത്. | 3,02,92,303 | 13,65,618 | 3,16,57,921 | 12,701 | 3,16,45,220 |
| | ഐ.സി. ഡി.എസ്. | 49,18,711 | 1,12,562 | 50,31,273 | 14,87,860 | 35,43,413 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | അയ്യങ്കാളി. | 66,78,486 | 1,93,444 | 68,71,930 | 18,76,599 | 49,95,331 |
| | സാക്ഷരത | 11,928 | 494 | 12,422 | - | 12,422 |
| | എസ്. ഡബ്ല്യൂ .എഫ്. | 24,191,267 | 9,63,657 | 2,51,54,924 | - | 2,51,54,924 |
| | എസ്.യു .ഐ. | 45,82,869 | 1,63,978 | 47,46,847 | - | 47,46,847 |
| | ആർ.എം .എസ്.എ | 5,55,000 | - | 5,55,000 | - | 5,55,000 |
| | സ്വച്ഛ്ഭാരത് (ICICI ) | 12,53,992 | 1,31,105 | 13,85,097 | - | 13,85,097 |
| ബി ഫണ്ട് | കർഷകത്തൊഴിലാളി പെൻഷൻ | | 151200 | 151200 | 151200 | |
| | വിധവ പെൻഷൻ | | 11273400 | 11273400 | 11273400 | |
| | വാർദ്ധക്യകാല പെൻഷൻ | | 14238600 | 14238600 | 14238600 | |
| | വികലാംഗ പെൻഷൻ | | 3411800 | 3411800 | 3411800 | |
| | അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള | | 204000 | 204000 | 204000 | |

| | | | | | | |
|---|---|---|---|---|---|---|
| | ധനസ ഹായം. | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,06,01,161 | 2,22,07,602 | 3,28,08,763 | 1,91,47,354 | 1,36,61,409 |
| തനത് ഫണ്ട് | ബാങ്ക് അ ക്കൗണ്ട് | 2,56,34,652 | 9,14,95,399 | 11,71,30,051 | 9,91,73,117 | 1,79,56,934 |
| | ട്രഷറി അ ക്കൗണ്ട് | 10772848 | 2,82,61,421 | 3,90,34,269 | 2,53,38,920 | 1,36,95,349 |
| മറ്റിനം | | | | | | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 401 | 2,2,45,74,150 | 148 | 72410086 | 234 | 19 | 37 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം. | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം. | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം. | അടങ്കൽ. | എണ്ണം. | ചെലവ് | |
| 1 | സെക്രട്ടറി, കാസറഗോഡ് മുനിസിപ്പാലിറ്റി. | 16 | 89,64,908 | 10 | 40,45,925 | 45% |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 321 | 15,69,42,402 | 96 | 3,63,54,852 | 23% |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 4,50,000 | 2 | 3,98,921 | 88% |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 30,40,000 | 2 | 30,32,713 | 99.7% |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 5,00,000 | 1 | 5,00,000 | 100% |
| 6 | അഗ്രികൾച്ചർ ഓഫീസർ | 7 | 53,63,725 | 6 | 37,86,216 | 70.5% |
| 7 | വെറ്റിനറി സർജൻ | 3 | 3,65,000 | 3 | 1,46,000 | 40% |
| 8 | നഗരദാരിദ്ര നിർ മാർജന മിഷൻ പ്രോജക്റ്റ് ഓഫീസർ | 10 | 1,68,58,942 | 8 | 1,19,40,113 | 70.8% |
| 9 | പട്ടികജാതി വികസന ഓഫീസർ | 11 | 41,27,300 | 4 | 12,13,476 | 29.4% |
| 10 | ഹെൽത്ത് ഓഫീസർ | 5 | 1,51,45,543 | 1 | 22,70,000 | 14.9% |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി. | 4 | 22,87,330 | 4 | 17,88,107 | 78% |
| 12 | പ്രിൻസിപ്പൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ. | 9 | 29,00,000 | 4 | 14,56,629 | 50.2% |
| 13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 6 | 65,20,000 | 4 | 49,87,134 | 76.4% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 8,14,000 | 3 | 4,90,000 | 60.19% |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. | 1 | 2,95,000 | 0 | 0 | 0% |
| | ആകെ. | 401 | 22,45,74,150/- | 148 | 7,24,10,086/- | 32.24% |

2019-20 സാമ്പത്തിക വർഷം ആകെ 401 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 148 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത് . അംഗീകാരം ലഭിച്ച പദ്ധതികളുടെ 36.90 ശതമാനം മാത്രമാണ് നടപ്പിലാക്കിയത് തൻവർഷം 321 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 96പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (29.9%). പൊതുമരാമത്ത് പ്രവൃത്തികൾക്കായി തൻവർഷം ആകെ വകയിരുത്തിയ 15,69,42,402/- തുകയിൽ 3,63,54,852/- മാത്രമാണ് ചെലവഴിച്ചത്. പട്ടികജാതി വികസന ഓഫീസറും ഹെൽത്ത് ഓഫീസറും പദ്ധതിക്കായി തൻവർഷം വകയിരുത്തിയ തുകയുടെ പകുതിയിൽ താഴെ മാത്രമാണ് ചെലവഴിച്ചത്. സാമ്പത്തിക വർഷത്തിലെ അവസാന കാലയളവിൽ പ്രത്യേകിച്ചും 2020 മാർച്ച് രണ്ടാം പകുതിയോടെ കോവിഡ് 19 മഹാമാരി മൂലം ഉണ്ടായ പ്രശ്നങ്ങൾ പദ്ധതി നിർവ്വഹണം മന്ദഗതിയിൽ ആകാൻ കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവിലേക്ക് നീക്കി വെയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)

| ക്രമ നമ്പർ. | പ്രോജക്റ്റ് നമ്പർ. | പ്രോജക്ടിന്റെ പേര്. |
|---|---|---|
| 1. | 7. | പട്ടികജാതി കുടുംബങ്ങളുടെ വീട് നിർമ്മാണം ധനസഹായം |

| | | |
|---|---|---|
| 2. | 34. | അഗതി ഹരിത കേരളം-ആശ്രയ ഭവന നിർമ്മാണം ധനസഹായം. |
| 3. | 35. | ആശ്രയ ഭവന നിർമ്മാണം 2018-19 |
| 4. | 41. | നഗരസഭ സർവ്വർ റൂമിലേക്ക് എ.സി |
| 5. | 42. | നഗരസഭ സെർവ്വർ റൂമിലേക്ക് എ സി വാങ്ങി സ്ഥാപിക്കൽ. |
| 6. | 44. | കാസറഗോഡ് നഗരസഭ ഏകജാലക സംവിധാനം ഒരുക്കൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ. |
| 7. | 49. | കൈക്കുഞ്ഞുമായി വരുന്ന അമ്മ മാർക്ക് വിശ്രമ കേന്ദ്രം ഫർണിച്ചർ ലഭ്യമാക്കൽ. |
| 8. | 55. | എസ് സി കോളനിൽ കുടിവെള്ളം ലഭ്യമാക്കൽ. |
| 9. | 134. | ശ്രീ. കുറുംബ റോഡ് കോൺക്രീറ്റിംഗ് -37. |
| 10 | 141. | നഗരസഭയിലെ എല്ലാ വാർഡുക ളിലേക്കും എൽ.ഇ.ഡി അനുബ ന്ധ ഉപകരണങ്ങളും വാങ്ങൽ. |
| 11 | 197. | എസ്.ടി. കോളനി ബോർവെൽ കുഴിക്കൽ. |
| 12 | 279. | പി.സി.സി ക്രോസ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ്. |
| 13 | 328. | കൊറക്കോഡ് സൗത്ത് ഫുട്പാത്ത് കോൺക്രീറ്റ്<br>വാർഡ് 21. |
| 14 | 348. | കണ്ടത്തിൽ റോഡ് മുതൽ വലത് വശം കോൺക്രീറ്റ് വാർഡ് 28. |
| 15 | 351. | ചക്കര ഉമ്പായി റോഡ് കോൺ ക്രീറ്റിംഗ് വാർഡ് 34. |
| 16 | 356. | ശ്രീ. കുറുംബ ഭഗവതി ക്ഷേത്ര ത്തിന്റെ ഉരുവശത്തുള്ള നടപ്പാട കോൺക്രീറ്റ് രണ്ടാം ഘട്ടം വാർഡ് 37. |
| 17 | 361. | മഡോണ കോൺവെന്റിൽ പാർക്ക് നവീകരണം (ഷട്ടിൽ ബാഡ്മിന്റൺ കോർട്ട്) |
| 18 | 393. | ഇന്ത്യൻ കോഫി ഹൗസ് ബാക്ക് സൈഡ് ഡ്രൈൻ നവീകരണം ഒന്നാം ഘട്ടം 19 |
| 19 | 395. | നഗരസഭയുടെ നിലവിലുള്ള മാലിന്യ സംസ്കരണ സംവി ധാനം അറ്റകുറ്റ പ്രവൃത്തിയും ശേഷം വർദ്ധിപ്പിക്കലും. |

വർക്കിംഗ് ഗ്രൂപ്പുകൾ .

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണ ഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണമായ വിജയം കൈവരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2019-20 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്. | ചേർന്ന ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.<br>യോഗങ്ങളുടെ എണ്ണം. |
|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | 2 |
| 2. | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3. | മൃഗസംരക്ഷണം ക്ഷീരവികസനം. | 2 |
| 4. | പ്രാദേശിക വികസനം. | 2 |
| 5. | ദാരിദ്ര ലഘൂകരണം, ചേരി പരിഷ്ക്കരണം. | 2 |
| 6. | സാമൂഹ്യ നീതി. | 2 |
| 7. | വനിതാ വികസനം. | 2 |
| 8. | പട്ടികജാതി വികസനം. | 2 |
| 9. | ആരോഗ്യം | 2 |
| 10. | ശുചിത്വം മാലിന്യ സംസ്കരണം. | 2 |
| 11. | വിദ്യാഭ്യസം, കല, സംസ്ക്കാരം കായിക യുവജനക്ഷേമം. | 2 |
| 12. | കുടിവെള്ളം. | 2 |
| 13. | പൊതുമരാമത്ത്. | 2 |
| 14. | പട്ടിക വർഗ്ഗ വികസനം. | 2 |
| 15. | മത്സ്യ ബന്ധനം. 2019-20 സാമ്പത്തിക വർഷം ആകെ 401 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 148 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത് . അംഗീകാരം ലഭിച്ച പദ്ധതികളുടെ 36.90 ശതമാനം മാത്രമാണ് നടപ്പിലാക്കിയത് തൻവർഷം 321 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 96പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (29.9%). പൊതുമരാമത്ത് പ്രവൃത്തികൾക്കായി തൻവർഷം ആകെ വകയിരുത്തിയ 15,69,42,402/- തുകയിൽ 3,63,54,852/- മാത്രമാണ് ചെലവഴിച്ചത്. പട്ടികജാതി വികസന ഓഫീസറും ഹെൽത്ത് ഓഫീസറും പദ്ധതിക്കായി തൻവർഷം വകയിരുത്തിയ തുകയുടെ പകുതിയിൽ താഴെ മാത്രമാണ് ചെലവഴിച്ചത്. സാമ്പത്തിക വർഷത്തിലെ അവസാന കാലയളവിൽ പ്രത്യേകിച്ചും 2020 മാർച്ച് രണ്ടാം പകുതിയോടെ കോവിഡ് 19 മഹാമാരി മൂലം ഉണ്ടായ പ്രശ്നങ്ങൾ പദ്ധതി നിർവ്വഹണം മന്ദഗതിയിൽ ആകാൻ കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവിലേക്ക് നീക്കി വെയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്ന എന്ന് | 2 |

| | | |
|---|---|---|
| | ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. | |
| 16. | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം. | 2 |
| 17. | പാർപ്പിടം. | 2 |

വർക്കിംഗ് ഗ്രൂപ്പുകൾ 2019-20 വർഷത്തിൽ ആകെ 2 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ തുകയെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചും വിലയിരുത്തൽ നടത്തേണ്ടതും ഫലപ്രാപ്തി കുറഞ്ഞ പ്രോജക്ടുകൾ ഒഴിവാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സഹായിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം. | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 66,78,486 | 4,48,365 | 71,26,851 | 4,87,684 | 49,74,327 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 16,64,840 | |
| ആകെ. | 6678486 | 4,48,365 | 71,26,851 | 21,52,524 | 49,74,327 |

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,51,200 | 32 |
| വിധവാ പെൻഷൻ | 1,12,73,400 | 2081 |
| വാർദ്ധക്യ കാലപെൻഷൻ | 1,42,38,600 | 2635 |
| വികലാംഗപെൻഷൻ | 34,11,800 | 645 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ. | 2,04,000 | 38 |
| വിധവക ളുടെ പെൺ മക്കളുടെ വിവാഹ | 6,00,000 | 20 |

| | | |
|---|---|---|
| ധനസഹായം | | |

1-8 ക്യാഷ് വെരിഫിക്കേഷൻ.

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2021ന് (10.15AM) സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,55,597/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം.

ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങുന്നുണ്ട്. എന്നാൽ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓഡിറ്റിൽ എത്തിക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും വളരെയധികം കാലതാമസം നേരിടുന്നു. ഇത് പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാർക്ക് സാമ്പത്തികാനുകൂല്യങ്ങൾ ലഭ്യമാകുന്നത് ഒരു വർഷത്തിലധികം വരെ വൈകാൻ കാരണമാകുന്നു. ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചകൾ കൊണ്ട് സംഭവിക്കുന്ന ഇത്തരം ഗുരുതരമായ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. നഗരസഭ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (സ്റ്റാഫ് മീറ്റിംഗ്) 2019-20 സാമ്പത്തിക വർഷം ചേർന്നിട്ടില്ലെന്നാണ് അറിയിച്ചത് ആയതിന്റെ മിനുട്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. അതുപോലെ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി ഓഡിറ്റ് വർഷം യോഗം ചേർന്നതായി കാണുന്നില്ല.
നഗരസഭക്ക് ലഭ്യമാവേണ്ട പ്രധാന നികുതികളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം രജിസ്റ്ററിൽ എഴുതി ചേർക്കാത്തതിനാൽ വാർഷിക സ്റ്റേറ്റ്മെന്റിലെ ആകെ വരവും രജിസ്റ്ററിലെ വരവും ഒത്തുനോക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി (സ്ഥാപന/ട്രേഡേഴ്സ്) രജിസ്റ്ററിൽ വാർഡുകൾ തിരിച്ച് സ്ഥാപനങ്ങളുടെ പേര് വിവരം എഴുതിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ നിന്ന് നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. പല സ്ഥാപനങ്ങളുടെയും പേരിന് നേരെ ഒന്നും രേഖപ്പെടുത്താതെ അപൂർണമായ രജിസ്റ്ററുകളാണ് ഓഡിറ്റിന് ഹാജരാക്കിയത്. ട്രേഡേഴ്സ് രജിസ്റ്റർ വേണ്ട വിധം സൂക്ഷിക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുത്തതിന് കൃത്യമായ കണക്കില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
നഗരസഭയിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ് .

| തസ്തികയുടെ പേര്. | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം. |
|---|---|
| പിഎ റ്റു സെക്രട്ടറി. | 1 |
| റവന്യൂ ഓഫീസർ ഗ്രേഡ് II | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |

| | |
|---|---|
| സൂപ്രണ്ട് | 3 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 4 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്. | 1 |
| സീനിയർ ക്ലാർക്ക് | 13 |
| ക്ലാർക്ക്/ബിസി. | 15 (2 സൂപ്പർ ന്യൂമററി) |
| ടൈപ്പിസ്റ്റ്. | 3 |
| ഡ്രൈവർ ഗ്രേഡ് I (എച്ച് ഡി വി) | 1 |
| ഡ്രൈവർ ഗ്രേഡ് II (എൽ ഡി വി) | 3 |
| ലൈബ്രേറിയൻ ഗ്രേഡ് IV | 1 |
| ഓഫീസ് അറ്റൻഡന്റ് | 8 |
| ദഫേദാർ | 1 |
| ചെയിൻമാൻ | 1 |

ആസ്തികളുടെ പരിപാലനം :-

നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി

എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 രശീതി പരിശോധന – അപാകതകൾ.

I. ഫ്രണ്ട് ഓഫീസ് സമയം കഴിഞ്ഞ് സ്വീകരിക്കപ്പെടുന്ന നികുതി തുകകൾ പെറ്റി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

രശീതി പരിശോധനയിൽ പിരിച്ചെടുക്കുന്ന നികുതി തുകകൾ ഭാഗികമായി അടവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

1. 15.04.2021 തീയ്യതിയിൽ 239/11905 രശീതി പ്രകാരം സുധീർ കുമാർ പിരിച്ചെടുത്ത 1240/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 16.04.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

2. 16.04.2021 തീയ്യതിയിൽ 239/11911രശീതി പ്രകാരം സുധീർ കുമാർ പിരിച്ചെടുത്ത 507/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 17.04.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

3. 19.04.2021 തീയ്യതിയിൽ 239/11920,11921രശീതികൾ പ്രകാരം സുധീർ കുമാർ പിരിച്ചെടുത്ത 147/-, 64/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 20.04.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

4. 28.06.2021 തീയ്യതിയിൽ 247/12343,12344രശീതികൾ പ്രകാരം സുധീർ കുമാർ പിരിച്ചെടുത്ത 243/-, 100/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 29.06.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

5. 17.08.2021 തീയ്യതിയിൽ 273/13650 രശീതി പ്രകാരം രാജൻ ടി പിരിച്ചെടുത്ത 300/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 18.08.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

6. 02.09.2021 തീയ്യതിയിൽ 286/14264 രശീതി പ്രകാരം രാജൻ ടി പിരിച്ചെടുത്ത 2180/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 03.09.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

7. 03.09.2021 തീയ്യതിയിൽ 286/14271 രശീതി പ്രകാരം രാജൻ ടി പിരിച്ചെടുത്ത 1325/- രൂപ അന്നേ ദിവസം പിരിച്ചെടുത്ത മറ്റു നികുതി തുകയ്ക്കൊപ്പം അടവാക്കാതെ 06.09.2021 തീയ്യതിയിലെ കലക്ഷൻ തുകയ്ക്കൊപ്പം ആണ് അടവാക്കിയിരിക്കുന്നത്.

ഫ്രണ്ട് ഓഫീസ് സമയം കഴിഞ്ഞും നികുതി അടവാക്കാനായി ഓഫീസിൽ വരുന്ന നികുതിദായകരിൽ നിന്നും ബിൽ കലക്ടർമാരുടെ രശീതി ബുക്കുപയോഗിച്ച് അന്നേ ദിവസത്തെ തീയ്യതി തന്നെ രേഖപ്പെടുത്തി നികുതി സ്വീകരിച്ച് രശീതി നൽകുകയും ഇങ്ങനെ പിരിച്ചെടുത്ത തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും ചെയ്യുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇങ്ങനെ സ്വീകരിക്കുന്ന തുക പെറ്റി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല എന്ന് പരിശോധനയിൽ കാണുന്നു. (പെറ്റി ക്യാഷ്ബുക്കിൽ 28.06.2019 തീയ്യതി വരെയു ള്ള തുകകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ )

II. റദ്ദാക്കുന്ന രശീതികളിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ് .

വിവിധ കാരണങ്ങളാൽ റദ്ദാക്കേണ്ടി വരുന്ന ഔഡ് ഡോർ കലക്ഷൻ രശീതിബുക്കുകളിലെ അതാത് താളുകളിൽ റദ്ദാക്കലിന്റെ കാരണം രേഖപ്പെടുത്തി മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

ഉദാ: രശീതി ബുക്ക് നം.273/13622 തീയ്യതി.16.08.2021 തുക.1250/-

രശീതി ബുക്ക് നം.281/14024 തീയ്യതി.31.08.2021 തുക.1850/-

രശീതി ബുക്ക് നം.286/14251 തീയ്യതി.01.09.2021 തുക.3750/-

കൂടാതെ സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിൽ കലക്ഷൻ ഏജന്റുമാരുടെ രശീതിബുക്കുകളിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന രശീതിന്റെ താളുകൾ റദ്ദാക്കി ആയത് സാക്ഷ്യപ്പെടുത്തേണ്ടതും അങ്ങനെ ഭാവിയിൽ മറ്റേതെങ്കിലും രീതിയിൽ ഇത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഇല്ലാതാക്കേണ്ടതുമാണ്.

III. ഓഫീസ് അറ്റന്റന്റിനെ നികുതി പിരിവിനായി വിനിയോഗിക്കുന്നു .

ഓഫീസ് അറ്റന്റന്റ് ആയ സവിത വി യെ ഔഡ് ഡോർ കലക്ഷനായി ബിൽ കളക്ടറുടെ ചുമതല നൽകി 15.10.2020 മുതൽ 14.09.2021 വരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി ഇവർക്ക് 102, 107, 114, 115, 119, 124, 128, 138, 143, 147, 153, 159, 164, 168, 171,175,177,181,188,191,197,204,210,213,219,222,226,231,235,240,244,259,261,272,279,285,291,297 നമ്പർ രശീതി ബുക്കുകൾ നൽകിയിട്ടുമുണ്ട്.

IV. നികുതി പിരിവിനായി നൽകിയ താഴെക്കൊടുത്തിരിക്കുന്ന രശീതി ബുക്കുകളു ം ആയതിന്റെ കളക്ഷൻ റജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്ക ിയിട്ടില്ല.

| രശീതി ബുക്ക് നമ്പർ. | രശീതി ബുക്ക് ഏറ്റു വാങ്ങിയ ജീവനക്കാരന്റെ പേര്. |
|---|---|
| 228 | സോമശേഖര എസ് |
| 234 | രാജൻ ടി |
| 243 | അശോക് കുമാർ കെ |
| 246 | സോമശേഖരൻ |
| 267 | അശോകൻ |
| 278 | അശോകൻ |
| 284 | അശോകൻ |
| 296 | അശോകൻ |
| 302 | അശോകൻ |
| 307 | അശോകൻ |
| 315 | അശോകൻ |

| | |
|---|---|
| 322 | അശോക് കുമാർ |

ലഭ്യമാക്കാൻ അവശേഷിക്കുന്ന രശീതി ബുക്കുകൾ എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് അർഹിക്കുന്ന ഗൗരവം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 38/30.10.2021)

2019-20 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, (താലൂക്ക് ആശുപത്രി കാസറഗോഡ്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 28/2019-20 പ്രകാരം മരുന്ന വാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവ്വീസ്സസ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 2,53,452/- രൂപ മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസ്സസ് തിരുവനന്തപുരം എന്ന സ്ഥാപനം 2,50,000/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി 3,452/- രൂപയുടെ

മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

മരുന്നിനായി പണം ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (42/2019-20 തീയതി. 15.11.2021) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ 3,452/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) മരുന്നു വാങ്ങൽ പദ്ധതി – വിശദാംശങ്ങൾ ഹാജരാക്കിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 29/2019-20. |
| പ്രോജക്ടിന്റെ പേര്. | : | മെഡിക്കൽ പർച്ചേഴ്സ് ഫോർ ഗവ. ജനറൽ ഹോസ്പിറ്റൽ. |
| ബിൽ നം. & തീയതി | : | 11/2019-20. 20/12/2019. |
| ബിൽ തുക | : | 5,99,999/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ. |

പ്രോജക്ട് നമ്പർ 29/2019-20 പ്രകാരം 5,99,999/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എൻ.എ.സി, ഇന്റന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

1-21 നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗ പ്പെടുത്തിയില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 5/2019-20. |
| പ്രൊജക്ടിന്റെ പേര്. | നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി. |
| ബിൽ നം. & തീയതി. | 2/19-20, 20/01/2020. |
| ബിൽ തുക. | ₹2,32,628/- |
| ഗുണഭോക്താക്കൾ. | 13. |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതി പ്രകാരം 13 ഗുണ ഭോക്താക്കൾക്ക് ₹2,32,628/- രൂപ കൂലിച്ചെലവ് സബ്സിഡിയായി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ. (കൈ)നം. 22/2019ത.സ്വ.ഭ.വ. തീയതി. 14.02.2018) പ്രകാരം നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി നടപ്പിലാക്കുമ്പോൾ നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരം സാധ്യതകൾ ഉപയോഗിച്ചതായി കാണുന്നില്ല. ഇക്കാര്യം വിശദീകരിക്കുന്നതിനായി (ഓഡിറ്റ് എൻ ക്വയറി നമ്പർ. 43/2019-20. Date: 15.11.2021). നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

നെൽകൃഷി നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കൾ ഉപയോഗിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 1-22 പട്ടിക വർഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം - അപാകതകൾ.

പ്രോജക്റ്റ് നം- 25/2020 പട്ടിക വർഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം

വകയിരുത്തൽ - വികസന ഫണ്ട് (ടി എസ് പി) 6,00,000/-

ബിൽ നം - 02/2019-20 തീ.05.12.2019 1,50,000/-

03/2019-20 തീ.17.01.2020 2,10,000/-

നിർവ്വഹണോദ്യോഗസ്ഥൻ - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ,കാസറഗോഡ്

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പട്ടിക വർഗ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വരുത്തുന്നതിനുമായി രൂപീകരിച്ച മേൽ പദ്ധതി പ്രകാരം നഗരസഭയുടെ 24.09.2019 ലെ 23 നമ്പർ തീരുമാന പ്രകാരം അഞ്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് അംഗീകരിച്ചിട്ടുണ്ട്. മുനിസിപ്പൽ ചെയർമാനും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് സഹിതം പ്രസ്തുത വിവരം നിർവ്വഹണോദ്യോഗസ്ഥയെ അറിയിച്ചിട്ടുമുണ്ട് (സെക്രട്ടറിയുടെ 11.10.2019 ലെ പി.2-18273/19 നം. കത്ത്). എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട 5 ഗുണഭോക്താക്കൾക്കും മാർക്ക് നൽകിയിട്ടില്ല. 3 ഗുണഭോക്താക്കൾക്കു മാത്രമെ അംഗീകാരം നൽകിയിട്ടുള്ളൂ. അപാകതകൾക്ക് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33/09.04.2021ന്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അയച്ചു തന്ന 674/19 തീയതി 22.04.2021ലെ മറുപടിയിൽ , നഗരസഭ അയച്ചുതന്ന അഞ്ച് ഗുണഭോക്താക്കളുടെ അപേക്ഷയിൽ രണ്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ അപൂർണ്ണമായിരുന്നെന്നും, പ്രധാനമായും അവർ താമസിക്കുന്ന ഭവനത്തിന്റെ ഓണർഷിപ്പ് അപേക്ഷകരുടെ പേരിൽ അല്ലായിരുന്നെന്നും, 3 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമെ പദ്ധതിക്കായി പരിശോധിക്കാൻ സാധിച്ചിരുന്നുള്ളൂ എന്നും , പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് തുക നീക്കിവെച്ചിരുന്നു എന്നും അറിയിച്ചു. ഓണർഷിപ്പ് ലഭ്യമാക്കി നൽകുവാൻ നഗരസഭയുമായി ബന്ധപ്പെട്ട് ശ്രമം നടത്തിയിരുന്നെന്നും ആയത് ലഭ്യമായിട്ടില്ല എന്നും പ്രസ്തുത മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് നഗരസഭയുമായി നടത്തിയ കത്തിടപാടുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

പ്രസ്തുത വിഷയത്തിൽ ഉചിതവും സമയബന്ധിതവുമായ നടപടി നിർവ്വഹണോദ്യോഗസ്ഥനും നഗരസഭയും സ്വീകരിക്കാത്തതിനാൽ പദ്ധതിക്കായി നീക്കിവച്ച തുക മുഴുവൻ ഗുണഭോക്താക്കളിലേക്കും എത്തിക്കാൻ സാധിച്ചില്ല.

2)ഊരുകൂട്ടം കൂടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി തീരുമാനവും, ലിസ്റ്റും നഗരസഭ ലഭ്യമാക്കിയത് എന്നും പ്രസ്തുത നഗരസഭ ഭരണസമിതി തീരുമാനങ്ങളാണ് പദ്ധതി നിർവ്വഹണത്തിനായി ലഭ്യമാക്കിയത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയെങ്കിലും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ ഊരുകൂട്ട തീരുമാനം ഹാജരാക്കിയില്ല.

3) ബിൽ നമ്പർ 02/2019-20 പ്രകാരം 50,000/- രൂപ, ബിൽ നമ്പർ 3/2019-20 പ്രകാരം 70,000/-രൂപ എന്നിങ്ങനെ ആകെ ഓരോ ഗുണഭോക്താവിനും 1,20,000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഭാര്യയുടെയും ഭർത്താവിന്റെയും പേരുള്ള ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്നുള്ള മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4) പദ്ധതിയുടെ പുരോഗതി വിവരമോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പൂർത്തീകരണ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 പ്രധാന മന്ത്രി ആവാസ് യോജന പദ്ധതി - അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നം. - 31/2020 | ലൈഫ്, പി എം എ വൈ ഭവന നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | 1) പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാജന സെൽ<br>2) ഹെൽത്ത് സൂപ്പർവൈസർ |
| വകയിരുത്തിയ തുക | 95,00,314/- (പൊതു വിഭാഗം-സാധാ)<br>പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാജന സെൽ<br>22,70,000/- (പൊതു വിഭാഗം-സാധാ)<br>ഹെൽത്ത് സൂപ്പർവൈസർ.. |

A) പി എം എ വൈ ഭവനപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ .

1) 04.10.2016 ലെ സ ഉ (സാധാ)നം.2803/2016/തസ്വഭവ ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അംഗീകരിച്ച ഡി പി ആർ ഉൾപ്പെട്ടിട്ടുള്ള വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കാൻ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക ഒരു പൊതുരേഖ ആയിരിക്കുന്നതിനും ആയത് വഴി പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനുള്ള അധികാരം നൽകുന്നതിനുമാണ് ഇങ്ങനെ ചെയ്യുന്നതിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത നിർദേശം പാലിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് ഗുണഭോക്തൃ പട്ടിക പരിശോധിക്കാൻ സാധ്യമായിട്ടില്ല. മേൽ നിർദേശം പാലിക്കാത്തതിനാൽ പ്രസിദ്ധീകരിച്ച പട്ടികയിൽ തെറ്റുകൾ സംഭവിച്ചാലോ അർഹതയില്ലാത്ത ഗുണഭോക്താവ് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലോ കണ്ടുപിടിക്കാനുള്ള അവസരം നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്.

2) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ ഭവനനിർമ്മാണത്തിന് വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നഗരസഭയുടെ കൈവശമുള്ള മണൽ കടവുകൾ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സജ്ജീകരിച്ചതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയില്ല.

3) 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടേയും, നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതി.ഫയലുകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ ഉൾപ്പെടെ ഓഡിറ്റ് കാലയളവിൽ ആകെ 52 പേർക്ക് പേർക്ക് ധനസഹായം നൽകിയതായി മനസ്സിലാകുന്നു. നഗരസഭയിൽ പി എം എ വൈ ഭവനപദ്ധതി ആരംഭിച്ച നാൾ മുതൽ

ഓഡിറ്റ് വർഷം വരെയുള്ള ഗുണഭോക്താക്കളുടെ സ്ഥിതി വിവരകണക്ക് താഴെക്കൊടുക്കുന്നു.

| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാന നമ്പർ & തീയ്യതി | ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | കരാർ ചമച്ചവരുടെ എണ്ണം | 31.03.2020 തീയ്യതി വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം. |
|---|---|---|---|
| 16 / 15.02.2017 | 167 | 120 | 99 |
| 58 / 07.10.2017 | 32 | 22 | 9 |
| 06 / 28.11.2017 | 10 | 7 | 6 |
| 24 / 17.01.2018 | 153 | 39 | 13 |
| 06 / 10.01.2019 | 101 | 44 | 4 |
| ആകെ | 463 | 232 | 131 |

ലഭിച്ച അപേക്ഷകരിൽ നിന്നും അനർഹരെ ഒഴിവാക്കിയ ശേഷം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്/ഡി പി ആർ നിന്നും അമ്പത് ശതമാനത്തോളം പേർ മാത്രമേ കരാർ ചമയ്ക്കാനായി മുന്നോട്ട് വന്നുള്ളൂ എന്നും മുപ്പത് ശതമാനത്തിൽ താഴെ ഗുണഭോക്താക്കൾ മാത്രമേ ഓഡിറ്റ് വർഷം വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ എന്നും മേൽ കാണിച്ച സ്ഥിതി വിവര കണക്കിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ നഗരസഭാ പരിധിയിൽ ഭവനപദ്ധതിയുടെ ആനുകൂല്യം കൂടുതൽ ഗുണഭോക്താക്കളിലേക്ക് ഫലപ്രദമായും സമയബന്ധിതമായും ലഭ്യമായിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

നഗരസഭാ പരിധിയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഭൂരഹിതരായിട്ടുള്ള ആൾക്കാർക്കും വിവിധ ഏജൻസികൾ,സന്നദ്ധ സംഘടനകൾ തുടങ്ങിയവരിലൂടെ സഹായം എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായും കാണുന്നില്ല. ഇക്കാരണത്താൽ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനായി ജനപ്രതിനിധികളുടേയും കുടുംബശ്രീയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്നും ക്രിയാത്മകമായ ഇടപെടലുകളോ കാര്യക്ഷമമായ മോണിറ്ററിംഗോ നടന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 2022 വർഷത്തോടെ 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കുന്ന ഭവന പദ്ധതി നഗരസഭയിൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. കുടുംബശ്രീ ഡയറക്ടറുടെ 13.02.2019 ലെ 9534/എൻ/2016/കെ എസ് എച്ച് ഒ നം. പരിപത്രം പ്രകാരം ഗുണഭോക്താവിന് വീട് നൽകുക എന്നത് ഗുണഭോക്താവിനെക്കാളുപരി നഗരസഭയുടെ ഉത്തരവാദിത്വമായി കാണേണ്ടതും, ഓരോ ഗുണഭോക്താവിനേയും നേരിൽ കണ്ട്, തടസ്സങ്ങൾ മനസ്സിലാക്കി സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം 100% ആക്കുന്നതിനുള്ള നിർദേശങ്ങൾ

12.07.2018 ലെ 5476/എൻ/2015/കെഎസ് എച്ച്ഒ നമ്പർ പരിപത്രം പ്രകാരം കുടുംബശ്രീ ഡയറക്ടർ നിർദേശങ്ങൾ നൽകിയിരുന്നെങ്കിലും ആയത് ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല എന്ന് നഗരസഭ പരിധിയിൽ നാളിതുവരെയുള്ള ഭവനനിർമ്മാണങ്ങളുടെ സ്ഥിതിവിവര കണക്ക് പരിശോധിച്ചതിൽ നിന്ന് മനസ്സിലാകുന്നു.

ഗുണഭോക്താക്കളുടെ അധിക വിവരങ്ങൾ ശേഖരിക്കുന്നതിനും ലഭിച്ച വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പ് വരുത്തുന്നതിനുമായും ഗുണഭോക്താക്കളുടെ സംഗമം വാർഡ് തലത്തിൽ സംഘടിപ്പിക്കേണ്ടതാണെന്ന് ത.സ്വ.ഭ വകുപ്പിന്റെ 04.10.2016 ലെ സ ഉ(സാധാ)2803/2016/തസ്വഭവ നമ്പർ ഉത്തരവിൽ നിർദേശിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 03.01.2020തീയ്യതിയിൽ നഗരസഭാ കാര്യാലയത്തിൽ വച്ച് നടന്ന കുടുംബ സംഗമത്തിനായി 97,543/- രൂപ 673/04.03.2020 വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിപാടിയിൽ പങ്കെടുത്ത ആൾക്കാരുടെ വിവരങ്ങളോ റജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയില്ല. കുടുംബസംഗമത്തിൽ പങ്കെടുത്തവരുടെ പേര് വിവരം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ 522 പേർക്ക് ഭക്ഷണം നൽകിയതായുള്ള ബില്ലുകൾ വൗച്ചറിനോടൊപ്പം ചേർത്ത് വച്ചിട്ടുണ്ട്.ഇത്രയും എണ്ണം ആൾക്കാരുടെ പങ്കാളിത്തം ഉണ്ടായിട്ടും തുടർന്ന് ഭവനനിർമ്മാണപ്രവൃത്തി നടത്തുന്നതിൽ വളരെ കുറച്ച് എണ്ണം ഗുണഭോക്താക്കൾ മാത്രമേ മുന്നോട്ട് വന്നിട്ടുള്ളു എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4) മുനിസിപ്പൽ ഹെൽത്ത് സൂപ്പർവൈസറും നഗര ദാരിദ്ര നിർമ്മാജ്ജന സെൽ പ്രോജക്റ്റ് ഓഫീസറും സംയുക്തമായാണ് ഓഡിറ്റ് കാലയളവിൽ പദ്ധതി നിർവ്വഹണം നടത്തിയത്. സുലേഖ ചെലവ് പത്രിക പ്രകാരം ഹെൽത്ത് സൂപ്പർവൈസർ 22,70,000/- രൂപയും നഗര ദാരിദ്ര നിർമ്മാജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ 95,00,314/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നഗര ദാരിദ്ര നിർമ്മാജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ 93,20,000/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഹാജരാക്കാത്ത 1,80,314/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രണ്ട് നിർവ്വഹണോദ്യോഗസ്ഥരും ക്യാഷ് ബുക്ക്,ബാങ്ക് പാസ്ബുക്കുകൾ ,ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക അനുവദിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയ പ്രോജക്റ്റ് റജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) പദ്ധതി നിർവ്വഹണം സുഗമമായി നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും നഗരസഭാ അധ്യക്ഷന്റെ നേതൃത്വത്തിൽ എക്സ്ക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി നിർവ്വഹണം അവലോകനം ചെയ്തതിന്റെ വിശദാംശങ്ങൾ/മിനുറ്റ്സ് എന്നിവയും ഹാജരാക്കിയില്ല.

6) ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാകുന്ന മുറയ്ക്ക് മരാമത്ത് വിഭാഗം ജീവനക്കാരെ നിർമ്മാണ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിനായി ചുമതലപ്പെടുത്തേണ്ടതാണ്. (സഉ(സാധാ)നം.2803/2016/തസ്വഭവ തീയ്യതി.04.10.2016). എന്നാൽ ലഭ്യമാക്കിയ ഫയലിൽ ഇതിനു വേണ്ടി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് വച്ചതായി കാണുന്നില്ല. പകരം കാര്യാലയകുറിപ്പിൽ ഭവനനിർമ്മാണത്തിന്റെ അതത് സമയത്തെ സ്ഥിതിവിവരം പ്രസ്തുത ഉദ്യോഗസ്ഥൻ എഴുതിച്ചേർക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

7) ഭവനനിർമ്മാണ പുരോഗതി ചിത്രങ്ങളുടെ സഹായത്താൽ ഓൺലൈൻ ആയി വിലയിരുത്തുന്നതിനായി ആരംഭിച്ച ജിയോടാഗ്,ജിയോ ഫെൻസിങ് ചെയ്യുന്ന വിവരങ്ങൾ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലിൽ സൂക്ഷിക്കണമെന്ന് കുടുംബശ്രീ ഡയറക്ടറുടെ 24.11.2017 ലെ 3674/N/15/KSHO നം. സർക്കുലർ5 ൽ നിർദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. കൂടാതെ ജിയോടാഗിങ് വിവരങ്ങൾ പ്രത്യേക റജിസ്റ്ററിൽ എഴുതി സൂക്ഷിക്കണമെന്ന നിർദേശവും പാലിക്കപ്പെട്ടിട്ടില്ല. ജിയോടാഗിങ് ചെയ്യുന്നതിന് സർവ്വേയർക്ക് നൽകുന്ന വേതനം നഗരസഭ അതത് തനത്ഫണ്ടിൽ നിന്നും നൽകേണ്ടതും തുടർന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് കുടുംബശ്രീയിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതുമാണ്. എന്നാൽ പ്രസ്തുത തുക ലഭിക്കുന്നതിനായി പിഎംഎവൈ, എംഐഎസിൽ എല്ലാ ഗുണഭോക്താക്കളേയും ഡിപിആർ ൽ അറ്റാച്ച് ചെയ്യുകയും സർവ്വേ വിവരങ്ങൾ കൃത്യമാക്കുകയും ചെയ്തിരിക്കണം. ഇത്തരത്തിൽ നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ച്

സർവ്വേയർക്ക് നൽകിയ വേതനം നഗരസഭയ്ക്ക് റീഇംബേഴ്സ് ചെയ്ത് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

8) കെട്ടിട നിർമ്മാണ അനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കണമെന്നാണ് സർക്കാർ നിർദേശം (04.10.2016 ലെ സ ഉ(സാധാ) നം.2803/2016 /തസ്വഭവ).തറ നിർമ്മാണം 120 ദിവസത്തിനുള്ളിലും ലിന്റൽ ലെവൽ 180 ദിവസത്തിനുള്ളിലും റൂഫ് കോൺക്രീറ്റ് 270 ദിവസത്തിനുള്ളിലും ജനൽ/വാതിൽ/വൈദ്യുതി/വെള്ളം എന്നിവ 365 ദിവസത്തിനുള്ളിലും പൂർത്തീകരിച്ച് താമസയോഗ്യമാക്കണം എന്ന് മേൽഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ എന്നാൽ വളരെ കുറച്ച് ആൾക്കാർ മാത്രമേ ഇത്തരത്തിൽ സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നുള്ളു. ഭവനനിർമ്മാണ പുരോഗതി ഇല്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്തി പരിഹാര മാർഗം നിർദേശിക്കുകയോ ആവശ്യമായ സഹായം എത്തിക്കുകയോ ചെയ്യുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകാത്തതിനാലാണ് ഇത്തരത്തിൽ കാലതാമസത്തിന് ഇടയാക്കുന്നത് എന്ന നിഗമനത്തിലാണ് ഓഡിറ്റ് എത്തിച്ചേരുന്നത്.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ നിർമ്മാണം ആരംഭിച്ചതും ഓഡിറ്റ് വർഷത്തിൽ നിർമ്മാണം തുടർന്നതും ധനസഹായം നൽകിയിട്ടുള്ളതുമായ താഴെക്കൊടുത്തിരിക്കുന്ന ഭവനങ്ങൾ ഓഡിറ്റ് തീയ്യതി വരെ പൂർത്തിയാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം | കരാർ ചമച്ച തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | കമല ,W/o വസന്ത എ, എം ജി കോളനി, അണങ്കൂർ (വാർഡ് നം. 8) | 10.01.2019 ലെ തീരുമാന നം.06 | 06.05.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 2 | സിന്ധു കെ , W/oരമേശൻ, അമൃത നിലയം, കസബ ബീച്ച് കടപ്പുറം (വാർഡ് നം. 36) | 15.02.2017 ലെ തീരുമാന നം.16 | 12.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 3 | പപ്പി,w/o ജയശീലൻ,നിയർ എസ് കെ ബി ടെമ്പിൾ, അടുക്കത്ത്ബയൽ ബീച്ച് (വാർഡ് നം.37) | 15.02.2017 ലെ തീരുമാന നം.16 | 22.08.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ |

| | | | | |
|---|---|---|---|---|
| | | | | നൽകിയിട്ടുണ്ട്. |
| 4 | ജിഷ പി, W/o സനോജ് കെ, അടുക്കത്ത്ബയൽ ബീച്ച് (വാർഡ് നം.37) | 15.02.2017 ലെ തീരുമാന നം.16 | 26.10.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 5 | ആബിദ, D/o അബ്ദുൾ ഹമീദ്, സവാദ് മൻസിൽ, ഫിർദൗസ് നഗർ,നെല്ലിക്കുന്ന് (വാർഡ് നം.02) | 10.01.2019 ലെ തീരുമാന നം.06 | 19.06.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 6 | സഹിറാബാനു എം എ, W/o ബദറുദ്ദീൻ,ജമീല കോമ്പൗണ്ട്, തായലങ്ങാടി (വാർഡ് നം.03 | 10.01.2019 ലെ തീരുമാന നം.06 | 30.05.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 7 | പി എം മുഹമ്മദ് കുഞ്ഞി, S/o പി മൊയ്ദീൻ, തളങ്കര പടിഞ്ഞാർ, കാസറഗോഡ് (വാർഡ് നം.29) | 10.01.2019 ലെ തീരുമാന നം.06 | 24.07.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 8 | രജനി, W/o പ്രസന്നൻ, കസബ ബീച്ച് ( വാർഡ് നം.36) | 10.01.2019 ലെ തീരുമാന നം.06 | 25.03.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 9 | സരോജിനി, W/o ശ്രീധരൻ,കാർത്ത്യായണി നിലയം,ചെന്നിക്കര, നുള്ളിപ്പാടി (വാർഡ് നം.17) | 10.01.2019 ലെ തീരുമാന നം.06 | 20.06.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 10 | മാലിനി, W/o സുന്ദര, ജെ പി കോളനി, അണങ്കൂർ ( വാർഡ് നം. 09) | 10.01.2019 ലെ തീരുമാന നം.06 | 15.07.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- |

| | | | | |
|---|---|---|---|---|
| | | | | രൂപ നൽകിയിട്ടുണ്ട്. |
| 11 | അബ്ദുൾ റഹിമാൻ, S/o അബൂബക്കർ, പള്ളിവളപ്പ്,നെല്ലിക്കുന്ന് (വാർഡ് നം.02) | 17.01.2018 ലെ തീരുമാന നം.24 | 07.06.2018 | നാളിതു വരെ 2 ഗഡുക്കളായി ആകെ 2,00,000/- രൂപ നൽകിയിട്ടുണ്ട്. |
| 12 | ഗിരിജ, W/o നാരായണൻ(L), കസബ ബീച്ച് (വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 11.09.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 13 | ഇന്ദിര കെ എം, നിയർ ഭഗവതി ടെമ്പിൾ, പിലികുഞ്ജെ,കാസറഗോഡ് (വാർഡ് നം.18) | 15.02.2017 ലെ തീരുമാന നം.16 | 13.12.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 14 | ഉമാവതി,W/o കെ നാരായണ ആചാര്യ,കെരമനെ എസ് വി ടി ക്രോസ് റോഡ് (വാർഡ് നം.32) | 10.01.2019 ലെ തീരുമാന നം.06 | 01.04.2019 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |
| 15 | സിന്ധു, ലക്ഷ്മി ചന്തുകുട്ടി ഹൗസ്, കസബ ബീച്ച് ( വാർഡ് നം.36) | 15.02.2017 ലെ തീരുമാന നം.16 | 12.07.2018 | നാളിതു വരെ 3 ഗഡുക്കളായി ആകെ 3,60,000/- രൂപ നൽകിയിട്ടുണ്ട്. |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ നാളിതു വരെയായി നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം തുടരാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.

B) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി (ഭവന പദ്ധതി) - അധിക ധനസഹായം നൽകിയിരിക്കുന്നു - ആയത് തിരികെ ഈടാക്കിയില്ല .

താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും ഭവന ധനസഹായമിനത്തിൽ അധികം തുക നൽകിയത് തിരികെ ഈടാക്കിയിട്ടില്ല.

A) രണ്ടാം വാർഡിലെ കെ നാരായണ ഷെട്ടി, S/o കുഞ്ഞണ്ണ ഷെട്ടി,കദ്ര ഹൗസ്,അടുക്കത്ത് ബയൽ,കാസറഗോഡ് എന്ന ഗുണഭോക്താവ് 15.02.2017തീയ്യതിയിലെ 16 നമ്പർ ഭരണ സമിതി തീരുമാന

പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം 20.04.2017 തീയ്യതിയിൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച ഇദ്ദേഹത്തിന് നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസർ നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | നൽകിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|
| ഒന്നാം ഗഡു | 30,000 | ചെക്ക് നം.29692/09.05.2017 |
| രണ്ടാം ഗഡു | 1,20,000 | ചെക്ക് നം.029104/26.09.2017 |
| മൂന്നാം ഗഡു | 1,20,000 | ട്രഷറി ബിൽ തീയ്യതി.24.04.2018 |
| നാലാം ഗഡു | 30,000 | ട്രഷറി ബിൽ തീയ്യതി.07.02.2019 |
| യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാക്കി ഉയർത്തിയതിനാൽ നൽകിയ കുടിശ്ശിക തുക | 2,00,000 | ട്രഷറി ബിൽ തീയ്യതി.27.02.2019 |
| ആകെ | 5,00,000 /- | |

ഇദ്ദേഹം അടവാക്കിയ ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കിയ തുക | രശീതി നം. & തീയ്യതി |
|---|---|---|
| ഒന്നാം ഗഡു | 5000 | 117040100431 തീ.20.04.2017 |
| രണ്ടാം ഗഡു | 20000 | 117040106911തീ.08.09.2017 |
| മൂന്നാം ഗഡു | 20000 | 117040126899തീ.28.03.2018 |

| | | |
|---|---|---|
| നാലാം ഗഡു | 5000 | 119030111297 തീ.24.01.2019 |
| ആകെ | 50,000/- | |

സർക്കാർ ഉത്തരവ് നം.29/2018/തസ്വഭവ തീ.28.02.2018 പ്രകാരം 2017 ഏപ്രിൽ ഒന്നിന് ശേഷം കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി ഉയർത്തുകയും ഗുണഭോക്തൃ വിഹിതം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കെ നാരായണ ഷെട്ടിക്ക് കുടിശ്ശിക തുകയായി 2,00,000/- രൂപ സഹിതം ആകെ 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഇദ്ദേഹം അടവാക്കിയ 50,000/- ഉൾപ്പെടെ ആകെ 4,50,000/- രൂപ മാത്രമേ ധനസഹായമിനത്തിൽ നൽകേണ്ടിയിരുന്നുള്ളൂ. ആയതിനാൽ അധികം നൽകിയ 50,000/- രൂപ തിരികെ ഈടാക്കുന്നതിനായി 30.08.2019, 22.11.2019 തീയ്യതികളിലെ പി.എച്ച്3-25187/15 നം. കത്ത് പ്രകാരം ഗുണഭോക്താവിനെ അറിയിച്ചതിൽ പ്രകാരം താഴെക്കൊടുത്തിരിക്കും വിധം തുക തിരിച്ചടവാക്കിയിട്ടുണ്ട്.

| ക്രമ നം | തുക | രശീതി നം. |
|---|---|---|
| 1 | 5000 | ചലാൻ നം.376/24.09.2019 |
| 2 | 5000 | രശീതി നം.119030115012/12.11.2019 |
| 3 | 10000 | രശീതി നം.119030116022/26.11.2019 |
| 4 | 5000 | ചലാൻ നം.9555/14.01.2020 |
| 5 | 5000 | രശീതി നം.119030123417/17.02.2020 |
| 6 | 5000 | രശീതി നം.119030106207/10.08.2021 |
| ആകെ | 35,000/- | |

തിരിച്ചടവാക്കാൻ അവശേഷിക്കുന്ന 15,000/-രൂപ (50,000-35000) ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

B) അഞ്ചാം വാർഡിലെ പ്രമീള പി, W/o വിട്ടല പി,കൊൽക്കേബയൽ,കാസറഗോഡ് എന്ന ഗുണഭോക്താവ് 15.02.2017തീയ്യതിയിലെ 16 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം 04.04.2017 തീയ്യതിയിൽ

നഗരസഭയുമായി കരാറിൽ ഏർപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച ഇദ്ദേഹത്തിന് നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസർ നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | നൽകിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|
| ഒന്നാം ഗഡു | 30,000 | 04.05.2017 ന് ICICI A/c നം.47052200004345 ലേക്ക് Transfer ചെയ്തു. |
| രണ്ടാം ഗഡു | 1,20,000 | 11.07.2017 ന് ICICI A/c നം.47052200004345 ലേക്ക് Transfer ചെയ്തു. |
| മൂന്നാം ഗഡു | 1,20,000 | ചെക്ക് നം.017875/ 07.10.2017 |
| നാലാം ഗഡു | 30,000 | ചെക്ക് നം.017889/ 03.09.2018 |
| യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാക്കി ഉയർത്തിയതിനാൽ നൽകിയ കുടിശ്ശിക തുക | 2,00,000 | ട്രഷറി ബിൽ തീയ്യതി.27.02.2019 |
| ആകെ | 5,00,000/- | |

ഇദ്ദേഹം അടവാക്കിയ ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കിയ തുക | രശീതി നം. & തീയ്യതി |
|---|---|---|
| ഒന്നാം ഗഡു | 5000 | 117040100418 തീ.19.04.2017 |
| രണ്ടാം | 20000 | 117040104423 തീ. |

| | | |
|---|---|---|
| ഗഡു | | 03.07.2017 |
| മൂന്നാം ഗഡു | 20000 | 117040111452 തീ.05.10.2017 |
| നാലാം ഗഡു | 5000 | 118040105729 തീ.26.06.2018 |
| ആകെ | 50,000/- | |

സർക്കാർ ഉത്തരവ് നം.29/2018/തസ്വഭവ തീ.28.02.2018 പ്രകാരം 2017 ഏപ്രിൽ ഒന്നിന് ശേഷം കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി ഉയർത്തുകയും ഗുണഭോക്തൃ വിഹിതം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രമീള പി ക്ക് കുടിശ്ശിക തുകയായി 2,00,000/- രൂപ സഹിതം ആകെ 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഇദ്ദേഹം അടവാക്കിയ 50,000/- ഉൾപ്പെടെ ആകെ 4,50,000/- രൂപ മാത്രമേ ധനസഹായമിനത്തിൽ നൽകേണ്ടിയിരുന്നുള്ളൂ. ആയതിനാൽ അധികം നൽകിയ 50,000/- രൂപ തിരികെ ഈടാക്കുന്നതിനായി 31.08.2019,22.11.2019 തീയ്യതികളിലെ പി.എച്ച്3-25187/15 നം. കത്ത് പ്രകാരം ഗുണഭോക്താവിനെ അറിയിച്ചതിൽ പ്രകാരം രശീതി നം.119030123809 /19.02.2020 പ്രകാരം 40,000/- രൂപ തിരിച്ചടവാക്കിയിട്ടുണ്ട്.തിരിച്ചടവാക്കാൻ അവശേഷിക്കുന്ന 10,000/-രൂപ (50,000-40,000) ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

C) ഇരുപത്തഞ്ചാം വാർഡിലെ(New-33) വിറ്റൽ ദാസ് ബി കെ,നിയർ ലളിത കലാ സദന, ബീരന്ത്ബയൽ,കാസറഗോഡ് എന്ന ഗുണഭോക്താവ് 15.02.2017തീയ്യതിയിലെ 16 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം 04.04.2017 തീയ്യതിയിൽ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച ഇദ്ദേഹത്തിന് നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസർ നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | നൽകിയ തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|
| ഒന്നാം ഗഡു | 30,000 | 13.07.2017 ന് സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.42042200014053 ലേക്ക് Transfer ചെയ്തു. |
| രണ്ടാം ഗഡു | 1,20,000 | ചെക്ക് നം.017871/ 05.10.2017 |
| മൂന്നാം ഗഡു | 1,20,000 | 03.05.2018 സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.42042200014053 ലേക്ക് Transfer ചെയ്തു. (ചെക്ക് നം.017884/03.05.2018) |
| നാലാം ഗഡു | 30,000 | ട്രഷറി ബിൽ തീയ്യതി.27.02.2019 |
| യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാക്കി ഉയർത്തിയതിനാൽ | 2,00,000 | 11.03.2019 ന് സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.42042200014053 |

| | | |
|---|---|---|
| നൽകിയ കുടിശ്ശിക തുക | | ലേക്ക് Transfer ചെയ്തു. |
| ആകെ | 5,00,000/- | |

ഇദ്ദേഹം അടവാക്കിയ ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കിയ തുക | രശീതി നം. & തീയ്യതി |
|---|---|---|
| ഒന്നാം ഗഡു | 5000 | 117040100396/18.04.2017 |
| രണ്ടാം ഗഡു | 20000 | 117040110791/26.09.2017 |
| മൂന്നാം ഗഡു | 20000 | ചലാൻ നം.301/ 07.07.2018 |
| നാലാം ഗഡു | 5000 | ചലാൻ നം.3231/ 12.02.2019 |
| ആകെ | 50,000/- | |

സർക്കാർ ഉത്തരവ് നം.29/2018/തസ്വഭവ തീ.28.02.2018 പ്രകാരം 2017 ഏപ്രിൽ ഒന്നിന് ശേഷം കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയാക്കി ഉയർത്തുകയും ഗുണഭോക്തൃ വിഹിതം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിറ്റൽ ദാസ് ബി കെ യ്ക്ക് കുടിശ്ശിക തുകയായി 2,00,000/- രൂപ സഹിതം ആകെ 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഇദ്ദേഹം അടവാക്കിയ 50,000/- ഉൾപ്പെടെ ആകെ 4,50,000/- രൂപ മാത്രമേ ധനസഹായമിനത്തിൽ നൽകേണ്ടിയിരുന്നുള്ളൂ. ആയതിനാൽ അധികം നൽകിയ 50,000/- രൂപ തിരികെ ഈടാക്കുന്നതിനായി 31.08.2019, 22.11.2019 തീയ്യതികളിലെ പി.എച്ച്3-25187/15 നം. കത്ത് പ്രകാരം ഗുണഭോക്താവിനെ അറിയിച്ചതിൽ പ്രകാരം താഴെക്കൊടുത്തിരിക്കും വിധം തുക തിരിച്ചടവാക്കിയിട്ടുണ്ട്.

| ക്രമ നം | തുക | രശീതി നം. |
|---|---|---|
| 1 | 10,000 | ചലാൻ നം. 7512/18.12.2019 |
| 2 | 10,000 | ചലാൻ നം. 0766/24.01.2020 |
| 3 | 10,000 | ചലാൻ നം. 24548/22.02.2020 |

| | | |
|---|---|---|
| ആകെ | 30,000 | |

തിരിച്ചടവാക്കാൻ അവശേഷിക്കുന്ന 20,000/-രൂപ (50,000-30000) ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 52/ 04.12.2021) നൽകിയെങ്കിലും ഓഡിറ്റിന് മറുപടി ലഭിച്ചില്ല.

1-24 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഭരണ നിർവ്വഹണ ചെലവ് അധികരിച്ചു - തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ അധിക ചെലവ്.

ഫയൽ നം. : PH3-8439/11

വൗച്ചർ നമ്പർ/തീയ്യതി : 578/20.01.2020

തുക : 2,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

27.05.2019ലെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ യോഗ തീരുമാനത്തെ തുടർന്ന് നഗരകാര്യ ഡയറക്ടറുടെ 15.11.2019ലെ ഡി.സി.3/12310/2019 നമ്പർ ഉത്തരവിൽ പദ്ധതിയുടെ നടത്തിപ്പിനായി മൊത്തം ചെലവഴിച്ച തുകയുടെ 25% അധികം ഭരണ നിർവ്വഹണ ചെലവിനായി ചെലവഴിച്ച നഗരസഭകളിൽ നിന്നും 6% ത്തിൽ അധികം ഭരണ നിർവ്വഹണ ചെലവ് വന്ന തുക അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ടിലേക്ക് ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് മേൽ വൗച്ചർ പ്രകാരം

തുക ഒടുക്കി.

2018-19 വർഷത്തിലും മുന്നിരിപ്പ് ഉൾപ്പെടെ 80,09,489/- രൂപ അക്കൗണ്ടിൽ ഉണ്ടായിട്ടും ആകെ ചെലവഴിച്ചത് 13,31,003/- രൂപ മാത്രമാണ്. ഇതിൽ 5,06,502/- രൂപ (38%) ഭരണ നിർവ്വഹണ ചെലവാണ്.

നഗരസഭാ അക്കൗണ്ടിൽ ആവശ്യത്തിന് ഫണ്ട് ഉണ്ടായിട്ടും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് ഇത് പരമാവധി ചെലവഴിക്കുന്നതിന് ശ്രമിച്ചിട്ടില്ല. തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് കൂലി ചെലവ് വർദ്ധിപ്പിക്കുക വഴി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിനും ഭരണ നിർവ്വഹണ ചെലവിനായി ഉപയോഗിക്കുന്ന തുകയുടെ ശതമാനം 6%ത്തിൽ താഴെ നിർത്തുന്നതിനും സാധിക്കുമായിരുന്നു. നടത്തിപ്പിലെ അപാകത മൂലം നഗരസഭയ്ക്ക് തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായി വന്നു. ഈ കാര്യങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 37/26.10.2021) എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആൾക്കാർ ഇല്ല, എ.ഇ. സ്ഥലം മാറിപ്പോവുന്ന തുടങ്ങിയ അംഗീകരിക്കാൻ കഴിയാത്ത മറുപടികളാണ് ലഭ്യമാക്കിയത്. കേരളത്തിലെ ആകെയുള്ള 87 മുനിസിപ്പാലിറ്റികളിൽ കാസർഗോഡ് ഉൾപ്പെടെ 3 എണ്ണത്തിൽ മാത്രമാണ് ഏറ്റവും പ്രവൃത്തി പുരോഗതി കുറവായി നഗരകാര്യ ഡയറക്ടറുടെ 5/8/2019ലെ ഡി.സി.3-12310/2019 നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ മൂലം തനത് ഫണ്ടിൽ എന്നും 2,00,000/- രൂപ അധികം ചെലവഴിക്കേണ്ടി വന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്.

1-25 നഗരസഭാ ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ പദ്ധതി - 5,99,000/- രൂപ ചെലവഴിച്ചു. ജനറേറ്റർ ലഭ്യമായില്ല – തുക പാഴ്ച്ചെലവ്.

പ്രൊജക്ട് നമ്പർ : 305/17, വർഷം - 2016-17

അടങ്കൽ: 11,12,000/-

ഫയൽ നം. P2-4719/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കാസറഗോഡ് നഗരസഭയിലെ വൈദ്യുത ക്ഷാമം പരിഹരിക്കുന്നതിനായി 62.5 KWA DG Set ടെൻഡർ കൂടാതെ സർക്കാർ ഓട്ടോണമസ് സ്ഥാപനമായ BHEL Electrical Machines Ltd. കാസറഗോഡ് നിന്നും വാങ്ങാനായിരുന്നു പദ്ധതി. ഇതിനായി BHEL മായി കത്തിടപാടുകൾ നടത്തുകയും തുടർന്ന് മറുപടിയിൽ പറഞ്ഞ പ്രകാരം Purchase Order ഉം. 5,99,000/- രൂപ അഡ്വാൻസും നൽകുകകയും ചെയ്തു. എന്നാൽ നാളിതുവരെയും ജനറേറ്റർ ലഭ്യമായിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അഡ്വാൻസ് നൽകുന്നതിനു മുമ്പ് BHEL മായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.BHEL ന്റെ 16.02.2017 ലെ MKTG/DG Set/E-57/207/2017 നമ്പർ കത്ത് പ്രകാരം DG Setന്റെ 50% തുകയായ 2,99,500/- രൂപയാണ് മുൻകൂർ ആവശ്യപ്പെട്ടത്. DG Setന്റെ മുഴുവൻ തുകയായ 5,99,000/- രൂപ മുൻകൂർ നൽകി.

1. 31.03.2017ന് നഗരസഭ അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ട് 3 മാസം കഴിഞ്ഞ് DG Set ലഭിക്കാതിരുന്നിട്ടും (മേൽ കത്ത് പ്രകാരം 3 മാസമാണ് അഡ്വാൻസ് ലഭിച്ച് സാധനം സപ്ലൈ ചെയ്യാനുള്ള പരമാവധി കാലയളവ്) തുടർനപടികൾ സ്വീകരിച്ചിട്ടില്ല.
2. തുക തെറ്റായി മറ്റൊരു അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു എന്ന സബ്ട്രഷറി ഓഫീസറുടെ കത്ത് 26.10.2017ന് ലഭിച്ചിട്ടും 06.09.2018 നു മാത്രമാണ് ഇത് പരിഹരിച്ച് BHEL ന് തുക നല്കാൻ സാധിച്ചത്.
3. 06/09/2018 ന് തുക BHEL ന് നൽകിയ ശേഷവും ജനറേറ്റർ ലഭിച്ചിട്ടില്ല. ഇതിനു ശേഷം 04.11.2019 ന് ഒരു റിമൈൻഡർ അയച്ചതല്ലാതെ മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭ അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 5,99,000/- രൂപ ആവശ്യമായ തുടർനടപടി

സ്വീകരിക്കാത്തതുമൂലം നിലവിൽ പാഴ്ചെലവാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26/26.10.2021ന് ലഭിച്ച മറുപടിയിൽ ടെല്ലിന് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി, കോവിഡ് പ്രതിസന്ധി തുടങ്ങിയവയാണ് കാരണമായി പറയുന്നത്. ഇത്തരം പ്രതിസന്ധികൾ ആരംഭിക്കുന്നതിനും വളരെ മുമ്പ് തന്നെ 2018 വർഷത്തിലാണ് നഗരസഭ ടെല്ലിന് തുക നൽകിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ജനറേറ്റർ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

അല്ലാത്ത പക്ഷം പ്രസ്തുത തുക പാഴ്ചെലവായി മാറാനിടയാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മേൽ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-26 നഗരസഭാ സീവ്യൂ പാർക്കിൽ മരം മുറിച്ചത് - ലേലം ചെയ്ത് വിറ്റതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല - 12,160/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയ്യതി : 396/2019, 04.10.2019

ഫയൽ നം. : PH2-11374/19

തുക : 12,160/-

കാസറഗോഡ് നഗരസഭാ സീവ്യൂ പാർക്കിൽ വലിയ വാകമരം കാറ്റത്ത് കടപുഴകി വീണത് മുറിച്ച് മാറ്റിയ വകയിൽ നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. എ.വി. മധുസൂദനന് ചെലവായ 12,160/- രൂപ മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്.

മസ്റ്റർ റോൾ പ്രകാരം 2019 ജൂലൈ 20ന് 9 പേരും, ജൂലൈ 21ന് 10 പേരുമായി ആകെ 19 പണിക്കൂലി നൽകിയാണ് (19x640=12,160) മരം മുറിച്ചു മാറ്റിയത്. ഇത് പാർക്കിൽ തന്നെ അട്ടി വെച്ച് സൂക്ഷിച്ചതിന്റെ ഫോട്ടോകൾ ഫയലിൽ ഉണ്ട്. എന്നാൽ ഇതിനെ തുടർന്ന് വനം വകുപ്പുമായി ബന്ധപ്പെട്ട് തടിയുടെ ആകെ വാല്യൂവേഷൻ നടത്തിയതായോ തടി ലേലം ചെയ്ത് വിറ്റതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. പ്രസ്തുത നടപടി ക്രമങ്ങൾ പാലിച്ച് മരത്തടി ലേലം ചെയ്തു വിറ്റിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ/വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 39/1.11.2021 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

മരം മുറിച്ച് അട്ടി വെച്ച ശേഷം വനം വകുപ്പുമായി ബന്ധപ്പെട്ട് തടിയുടെ വാല്യേഷൻ ലഭ്യമാക്കുക കയും അത് ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യേണ്ടത് നഗരസഭയുടെ ഉത്ത രവാദിത്തമാണ്. ആയത് ചെയ്തതിന്റെ വിവരങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാ ക്കിയില്ല. ആയതിനാൽ മരം മുറിക്കുന്നതിനു വേണ്ടി ചെലവഴിച്ച 12,160/- രൂപ ഓഡിറ്റിൽ തടസ്സ പ്പെടുത്തുന്നു.

## 1-27 SJSRY പദ്ധതിയുടെ വിനിയോഗിക്കാത്ത തുക- സംസ്ഥാന മിഷൻ NULM അക്കൗണ്ടിലേക്ക് തിരികെ ഒടുക്കി- ഫയൽ ഹാജരാക്കിയില്ല. 11,23,796/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയ്യതി : 132/ 22.05.2019

ഫയൽ നം. : PH3/16086/15

തുക : 11,23,796/-

മേൽ വൗച്ചർ പ്രകാരം 11,23,796 നഗരസഭാ സംസ്ഥാന മിഷന്റെ NULM അക്കൗണ്ടിലേക്ക് ഒടുക്കിയതായ് കാണുന്നു. നഗരസഭയുടെ വികസന പദ്ധതികൾക്കായി അനുവദിച്ചതാണ് പ്രസ്തുത തുക. ഇത് തിരികെ ഒടുക്കിയതിന്റെ കാരണം അറിയുന്നതിനായി ഫയൽ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വി സിഷൻ 8/26.10.21 നൽകിയെങ്കിലും മറുപടിയോ ഫയലോ ലഭ്യമാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ മേൽ ചെലവിന്റെ നിയമ സാധുത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഫയൽ ഹാജരാക്കാത്തതിനാൽ ഇതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ചെലവ് വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി 41/15.11.2021 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെലവ്

രേഖകളും, ഫയലും ഹാജരാക്കാത്തതിൽ ഈയിനത്തിൽ ചെലവഴിച്ച 11,23,796/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 മുൻകൂർ തുക നൽകിയത് - ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല – 1,06,250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2019-20 വർഷം വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നഗരസഭയിലെ ഹെൽത്ത് സൂപ്പർ വൈസർ ആയിരുന്ന ശ്രീ. ദാമോദരൻ എ.കെ. താഴെ പറയും പ്രകാരം മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ. | വൗച്ചർനമ്പർ/ തീയ്യതി. | തുക. | കൈപ്പറ്റിയ ആവശ്യം. | ഫയൽ നമ്പർ. |
|---|---|---|---|---|
| 1. | 423/21.10.2019 | 50,000/- | നഗരസഭയിലെ 30,31 വാർഡു കളിലെ 60കിണറുകളിലെ വെള്ളം KWA ലാബിൽ പരിശോധന നടത്തുന്നതിന്. | PH2-18893/19. |
| 2. | 457/02.11.2019. | 56,250/- | നഗരസഭയിലെ മത്സ്യ മാർക്കറ്റിൽ മാലിന്യം കെട്ടിക്കിടക്കുന്നത് നീക്കം ചെയ്യുന്നതിന്. | PH2-19570/19. |

മേൽ പറഞ്ഞ ചെലവുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വൗച്ചർ, ബില്ല്, ചെലവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ.
2. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച താഴെപ്പറയുന്ന ഫയലുകൾ.

എ) PH2-18893/19.

ബി) PH2-19570/19.

മുൻകൂർ കൈപ്പറ്റി 3 മാസം കഴിഞ്ഞിട്ടും ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കാത്തിനാലും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ രേഖകൾ കാണാത്തതിനാലും മേൽ തുക 1,06,250/- രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു. ബന്ധപ്പെട്ട തുക ശ്രീ. ദാമോദരൻ എ.കെ.യിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ 18% പിഴ പലിശ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-29 പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തത് ബൈലോ, ഫയൽ ഹാജരാക്കിയില്ല – ചെലവ് തുക 76,870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി.
ഫയൽ നമ്പർ : PW3-3415/20.
തുക : 76,870/-
വൗച്ചർ നമ്പർ/തീയ്യതി : 606/12.02.2020
കാസറഗോഡ് നഗരസഭയിലെ വിദ്യാനഗറിൽ പ്രവർത്തനമാരംഭിക്കുന്ന പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് തുക നൽകി.
CD - 49,500/-
OYEC - 23,000/-
GST - 4,370/-
ആകെ. 76,870/-

മേൽ ചെലവിന്റെ നിയമ സാധുത പരിശോധിക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ 7/7.10.2021 നൽകിയെങ്കിലും മറുപടിയോ ഫയലോ ലഭിച്ചില്ല. തുടർന്ന് പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനത്തിന് ബൈലോ തയ്യാറാക്കിയിട്ടുണ്ടോ എന്നും നിലവിൽ പ്രവർത്തന ക്ഷമമാണോ എന്നും അറിയുന്നതിനായി ഫയൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി45/8.11.2021 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് രേഖകകളുടെയും ഫയലിന്റെയും അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 76,870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 കുടിവെള്ള വിതരണം - ബാക്കി തുക 12,66,400/- രൂപ അനുവദിച്ചത് - ഫയൽ, ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 12,66,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയതി : 704/13.02.2020.
തുക : 12,66,400/-
ഫയൽ നമ്പർ : PH2-7552/17.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.
മേൽ വൗച്ചർ പ്രകാരം31.03.2017 മുതൽ 15.06.2017 വരെ കുടിവെള്ളം കൊടുത്ത വകയിൽ ബാക്കി അനുവദിക്കാനുള്ള തുക ശ്രീ. ഇ.ഐ.മുഹമ്മദിന് അനുവദിച്ചിട്ടുണ്ട്. ഇതുമായ് ബന്ധപ്പെട്ട് ഓഡി റ്റിൽ ആവശ്യപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ -49/2.12.2021 പ്രകാരം ആവശ്യപ്പെട്ടതെങ്കിലും മറുപടി ലഭിച്ചില്ല.

1. ശ്രീ. ഇ.ഐ. മുഹമ്മദുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി.
2. ആകെ വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ്.
3. ഇതുവരെ കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ.
4. മുഴുവൻ തുകയും അനുവദിക്കാൻ ഇത്രയും വൈകാനുള്ള കാരണം.
5. ഫയൽ നമ്പർ - PH2-7552/17.
6. പ്രസ്തുത ചെലവുമായ് ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകൾ.

പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവിന്റെ നിയമസാധുത പരിശോധിക്കുന്നതിന് ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തിക്കായി അനുവദിച്ച 12,66,400/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-31 സ്ട്രീറ്റ് ലൈറ്റ് - AMC തുക അനുവദിച്ചത് - ഫയൽ, രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയതി : 443/30.10.2019

ഫയൽ നം. : 5,00,000/-

തുക : PW3-5883/18.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

മേൽ വൗച്ചർ പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്ത വകയിൽ ശ്രീ. മുഹമ്മദിന് 5,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റിൽ ആവശ്യപ്പെട്ട പ്രകാരം രേഖകൾ ഹാജരാക്കിയില്ല.

1. ശ്രീ. മുഹമ്മദുമായി AMC ക്ക് വേണ്ടി ഉണ്ടാക്കിയ കരാർ.
2. ആകെ റിപ്പയർ ചെയ്ത സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ.
3. സാധനങ്ങൾ വാങ്ങിയ ബില്ല്.
4. ശ്രീ. മുഹമ്മദ് തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ.
5. ഫയൽ നമ്പർ - PW3-5883/18.

മേൽ ചെലവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകൾ.

മേൽ രേഖകൾ ഹാജരാക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി 50/2.12.2021 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെലവിന്റെ അനുബന്ധ രേഖകളുടെയും ഫയലിന്റെയും അഭാവത്തിൽ പ്രസ്തുത ചെലവ് നിയമാനുസൃതമാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. ആയതിനാൽ മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 5,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 അടുക്കത്ത് ബയൽ വില്ലേജിലെ സ്ഥലം - പാട്ട തുക ഒടുക്കൽ -നഗരസഭയ്ക്ക് വർഷം 2,80,750/- രൂപ ചെലവ് - നഗരസഭാ ഫണ്ടിന് ഇതുവരെയായി ആകെ 30 ലക്ഷത്തിലധികം രൂപയുടെ നഷ്ടം - ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വൗച്ചർ നമ്പർ/തീയ്യതി : 207/ 17.06.2019

ഫയൽ നം. : PW1-9803/05

തുക : 2,80,750/-

കാസർഗോഡ് ജില്ലയിലെ അടുക്കത്ത് വയൽ വില്ലേജിലെ റീ-സർവ്വേ നമ്പർ - 63/4 ബി2 വിൽ പെട്ട 3.50 ഏക്കർ സ്ഥലം (താളിപ്പടപ്പ് മൈതാനം) മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനായി കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് ഒരു ശതമാനം പാട്ട നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകി 25.07.2005 ലെ സ.ഉ(കൈ)230/2005 റവന്യൂ. ഉത്തരവ് പ്രകാരം കൈമാറിയിട്ടുണ്ട് ഇതിന് തുടർച്ചയായി കാസർഗോഡ് തഹസിൽദാരുടെ 20.04.10ലെ D3-15363/05 നമ്പർ ഉത്തരവിലൂടെ മേൽ സ്ഥലത്തു നിന്നും റോഡിന് വേണ്ടി വന്ന സ്ഥലവും കയ്യേറ്റ സ്ഥലങ്ങളും കുറവ് ചെയ്ത് ബാക്കി വന്ന 2.80 $^1/_4$ ഏക്കർ സ്ഥലവും നഗര സഭയ്ക്ക് പാട്ടത്തിന് അനുവദിച്ചു നൽകി. ഇതിനായി ഓരോ വർഷവും പാട്ട തുകയായ 2,80,750/- രൂപ നഗരസഭ റവന്യൂ വകുപ്പിൽ ഒടുക്കണം എന്നതാണ് നിബന്ധന.

24.08.2011 ന് PW1/9803/05 പ്രകാരം ടി മൈതാനം സൗജന്യമായി കൈമാറി തരണമെന്ന് റവന്യൂ മന്ത്രിയോട് അപേക്ഷിച്ചു.

11/11/2021 ന് കായിക മന്ത്രിക്ക് അയച്ച കത്തിൽ പാട്ടത്തുക ഇനത്തിൽ ഇതുവരെ 40,00,000/- ത്തോളം രൂപ ചെലവായെന്നും ലഭിച്ച വരുമാനം 25,000/- രൂപയിൽ താഴെയാണെന്നും പറയുന്നുണ്ട്.

ബുക്ക് നമ്പർ ഇ 97756 രശീതി നം. 9775578 തീയതി. 5 .5.10 പ്രകാരം 2,80,750/- രൂപ (2010-11 വർഷത്തേക്കുള്ള പാട്ട തുക) ഒടുക്കി.

എന്നാൽ നാളിതുവരെയും മിനിസ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ നടപടികൾ നഗരസഭ കൈക്കൊണ്ടിട്ടില്ല.
പാട്ടത്തുകയായ 2,80,750/-രൂപ ഒടുക്കാൻ തുടങ്ങി 10 വർഷത്തിലധികമായിട്ടും മൈതാനത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മാത്രമല്ല 2010-11 മുതൽ ഓരോ വർഷവും 2,80,750/- പാട്ടത്തുക ഇനത്തിൽ നഗരസഭ നൽകുന്നുണ്ട്. നോട്ട് ഫയലിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം നഗരസഭയ്ക്ക് ഇതുവരെയായ ആകെ ലഭിച്ച വരുമാനം 25,000/- രൂപയിൽ താഴെ മാത്രമാണ്. ആകെ 30 ലക്ഷത്തോളം രൂപ തനത് ഫണ്ടിൽ നിന്നും ഇതുവരെയായി ഈ ഇനത്തിൽ പോയിട്ടുണ്ട്. ഇത് സംബന്ധിച്ച് റവന്യൂ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഉൾപ്പെടെ പാട്ട തുക ഒഴിവാക്കി നൽകേണ്ടതിലേക്കായി നഗരസഭ നിവേദനങ്ങൾ നൽകിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല. തനത് ഫണ്ട് ഇനത്തിൽ കാര്യമായ വരുമാനമില്ലാത്ത നഗരസഭയിൽ അനാവശ്യ ചെലവുകൾ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.
വർഷാവർഷം ഇത്തരത്തിൽ 2,80,750/- രൂപ ആവർത്തിച്ചുള്ള ചെലവനിത്തിൽ 10 വർഷത്തിലധികം ചെലവഴിച്ചിട്ടും പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആയതിനാൽ പാട്ടതുക ഒടുക്കുന്നത് ഒഴിവാക്കുന്നതിനും മൈതാനം ജനങ്ങൾക്ക് ഗുണപരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ അടയന്തിര നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-33 നഗരസഭയിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി - Price List-ൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ KADCO- ൽ നിന്നും വാങ്ങിയ നടപടി ക്രമപ്രകാരമല്ല - ചെലവ് തുക 2,03,869/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ. | : | 52/2020 |
| പ്രോജക്ടിന്റെ പേര്. | : | കാസറഗോഡ് നഗരസഭ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | സെക്രട്ടറി, കാസറഗോഡ് നഗരസഭ. |
| വിതരണക്കാർ | : | കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ. |
| ബിൽ നമ്പർ/തീയ്യതി ചെലവ് തുക | : | Account Transfer On 13.03.2020 Treasury Reference Code : 19200200000009799 2,03,869/- |

നഗരസഭയിലെ ക്യാഷ് കൗണ്ടറിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള

മേൽ പദ്ധതി പ്രകാരം KADCO എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. KADCO/NRD /S&SS/KSGD-MLPTY/ 14/2019-20 പ്രകാരം ലഭ്യമാക്കുകയും കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 24.09.2019 ലെ 25/1 നം. തീരുമാന പ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മരഫർണിച്ചർ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള അനുമതി KADCO സർക്കാരിൽ നിന്നു തൻവർഷം ലഭ്യമാക്കിയിട്ടുണ്ട്. ജി.ഒ. (Rt) 60/2017 SPD തീയതി 20.10.2017 നം ഉത്തരവിൽ കൊടുത്തിട്ടുള്ള മരഫർണിച്ചറുകളുടെ 'Price List' ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനം ഫർണിച്ചറുകളാണ് KADCO യിൽ നിന്നും വാങ്ങിച്ചിട്ടുള്ളത് . ഫർണിച്ചർ ഇനവും KADCO ഈടാക്കിയ വിലയും ചുവടെ ചേർക്കുന്നു.

| ഇനം | (QTY) | വില |
|---|---|---|
| 1. Front Office Tables<br>3 Seated (Size). 360x75x104 Cm | 1 | 44160/- |
| 2. Wooden Stage For Front Office (Size 360x155x24 Cm) | 1 | 44442/- |
| 3. Wooden Bottom Rack (Size 60x40x80cm) | 1 | 9442/- |
| 4. Aluminimum Grill Work | 1 | 26400/- |
| 5. Post (8.5cmx8.5cmx226 Hight) | 2 | 28884/- |
| 6. Post (805cmx8.5cmx160cm) | 1 | 19442/- |
| | CGST | 15549/30 |
| | SGST | 15549/30 |
| | | 203869/- |

'Price List' -ൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ മേൽപ്പറഞ്ഞ ഫർണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 32/9.04.2021 നൽകിയതിന് നഗരസഭ തന്ന മറുപടിയിൽ KADCO യെ അക്രെഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ മുകളിൽ പ്രസ്താവിച്ച സർക്കാർ ഉത്തരവിലെ Price List-ൽ പരാമർശിച്ചിട്ടില്ലാത്ത ഇനം ഫർണിച്ചറുകളാണ് KADCO യിൽ നിന്നും നഗരസഭ വാങ്ങിച്ചിട്ടുള്ളത്. ആയതിനാൽ 2,03,869/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 പൊതുമരാമത്ത് പ്രവൃത്തി - റോഡ് പുനരുദ്ധാരണം പ്രവൃത്തി പൂർത്തീകരണം വൈകിയതിനു പിഴ ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ. | : | 123/19 S.O. 299/00. |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്. | : | എൻ.എച്ച് മുതൽ അഭയമിഷൻ കോമ്പൗണ്ട് റോഡ് പുനരുദ്ധാരണം - |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ട്. | : | വികസന ഫണ്ട്. |
| അടങ്കൽ. | : | 4,00,000/- |

2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മേൽ പ്രവൃത്തിയുടെടെണ്ടർ കാസറഗോഡ് നഗരസഭ കൗൺസിൽ 10/12/2018ന്ന അംഗീകരിച്ചത് പ്രകാരം കരാറുകാരനായ ശ്രീ. ഹസൈനാർ തളങ്കര എന്നയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും 18.01.2019 ന് കരാർ വച്ച് സ്ഥലം ഏറ്റെടുക്കകയും ചെയ്തി ട്ടുണ്ട്. കരാറിലെ വ്യവസ്ഥ പ്രകാരം സ്ഥലം ഏറ്റെടുത്ത് 3 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം. എന്നാൽ ഫയൽ പരിശോധനയിൽ പ്രവൃത്തി നടത്തുന്നതിന്ന ആവശ്യമായിട്ടുള്ള ബിറ്റുമിൻ 7.12.2019 നാണ് സിഡ്കോ സപ്ലൈ ചെയ്തിട്ടുള്ളതായി കാണുന്നത് . എം. ബുക്കിൽ അവസാനമായി ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തിയ തീയതി 16.12.2019 ആണ്. പ്രവൃത്തി പൂർത്തീകരണത്തിന് 8 മാസത്തോളം വൈകിയതിന്ന പിഴ ഈടാക്കിയതായി കാണുന്നില്ല.

കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും കാല താമസത്തിന്ന കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം ടിയാളിൽ നിന്നും പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ കരാറുകാരൻ കൃത്യ സമയത്ത് പ്രവൃത്തി പൂർത്തീകരിക്കുകയോ ദീർഘീകരണത്തിന്ന അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പിഴ കണക്കാക്കുന്നതിന്ന അസിസ്റ്റന്റ് എഞ്ചിനീയർ അവസാനമായി അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയ തീയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തീയതിയായി കണക്കാക്കുന്നത്. (കേരള പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ 2113).

മേൽപ്പറഞ്ഞ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി( ഓഡിറ്റ് എൻക്വയറി നം.39/8.4.21) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പ്രവൃത്തി പൂർത്തീകരണം 8 മാസത്തോളം വൈകിയതിന് ഉത്തരവാദിയായ വ്യക്തികളിൽ നിന്നോ അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 പൊതുമരാമത്ത് പ്രവൃത്തി റോഡ് പുനരുദ്ധാരണം - കരാറുടമ്പടി ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ. | : | 123/19 S.O. 299/00. |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്. | : | എൻ.എച്ച് മുതൽ അഭയമിഷൻ കോമ്പൗണ്ട് റോഡ് പുനരുദ്ധാരണം - |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ട്. | : | വികസന ഫണ്ട്. |
| അടങ്കൽ | : | 4,00,000/- |

2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട അഭയമിഷൻ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഏക ടെണ്ടർ 10/12/2018ന അംഗീകരിച്ചു പ്രകാരം കരാറുകാരൻ ശ്രീ. ഹസൈനാർ തളങ്കര സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങുന്നതിനായി 13/12/2018 ാം തീയതി സെലക്ഷൻ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. (കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ Firm Period നകമോ/ഏതാണോ കുറവ് അത്, ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് രജിസ്ട്രേഡ് പോസ്റ്റ് / കൊറിയർ/ ഇ -മെയിൽ ആയി അയക്കേണ്ടതാണ്. ലെറ്റർ രജിസ്റ്റർ ചെയ്ത തീയതി /എസ്.എം.എസ് അയച്ച തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നു.) 13.12.2018 ന സെലക്ഷൻ നോട്ടീസ് പുറപ്പെടുവിച്ചെങ്കിലും കരാർ ചമച്ച് സ്ഥലം ഏറ്റെടുത്തത് 18.01.2019 ന മാത്രമാണ് .

പ്രസ്തുത നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. 14 ദിവസത്തികം കരാർ വച്ചില്ലെങ്കിൽ 1% പിഴയോടുകൂടി 10 ദിവസം കൂടി അനുവദിക്കുന്നുണ്ട്. കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. സെലക്ഷൻ നോട്ടീസ് ലഭിക്കാൻ താമസിച്ചുവെന്നും ഫൈൻ ഒഴിവാക്കണമെന്നും കരാറുകാരൻ കത്ത് നല്കിയതായി കാണുന്നു. അതിൽ തീയതിയോ പ്രവൃത്തിയുടെ പേരോ രേഖപ്പെടുത്തിയിട്ടില്ല.

സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകിയതിന്റെയും, ആയത് കൈപ്പറ്റുവാൻ വൈകിയതിന്റെയും, പിഴ ഈടാക്കാത്തതിന്റെയും കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 29/8.4.21 ന് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ കരാർ ഉടമ്പടി ചമയ്ക്കുന്നതിൽ കാലതാമസം ഉണ്ടായാൽ ഒടുക്കേണ്ട നിയമാനുസൃതമായ പിഴ കോൺട്രാക്ടറിൽ നിന്ന് ലഭ്യമാവാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-36 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ സംയുക്ത പരിശോധന നടത്തി - ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ. | : | 60/20 |
| പ്രോജക്ടിന്റെ പേര്. | : | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | സെക്രട്ടറി, കാസറഗോഡ് നഗരസഭ. |
| ഫണ്ട്. | : | മെയിന്റനൻസ് (NR) |
| അടങ്കൽ | : | 16,00,000 |

കേരള വാട്ടർ അതോറിറ്റിയുടെ 08.12.2019-ലെ നം 2748/LSG/A2/34 പ്രകാരം 12/19 വരെ കുടിശ്ശികയും, ഫൈനും അടക്കം ആകെ അടക്കുവാനുള്ള തുക 2,16,292 രൂപ. കേരള വാട്ടർ അതോറിറ്റിക്ക്

ഒടുക്കുവാനുള്ള കുടിശ്ശികയ്ക്ക് ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതും ഫൈൻ ഒടുക്കുവാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ ബിൽ പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം 98 ആണ്., എന്നാൽ 167 പൊതു ടാപ്പുകൾക്ക് വെള്ള കാരം ഒടുക്കുന്നതിനുള്ള പ്രോജക്ട് ആണ് തയ്യാറായിട്ടുള്ളത്. നഗരസഭയിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 28/8.4.2021 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

